

പുസ്തകം ൮ാമത്.) ൧൯൨൫ ജനുവരി (ലക്കം ൧.

നവവത്സരം.

ഈ ജനുവരി മാസത്തോടെ ആരംഭിച്ചിരിക്കുന്ന നവവത്സരത്തിൽ അത്യുപികൃഷ്ടമായ ഒരു നവീകരണം നാം ചെയ്യേണ്ടിയിരിക്കുന്നു. സൃഷ്ടപ്രകൃതികളെ സ്നേഹിച്ചുകൊണ്ടും, മരണത്തോടെ അഴിഞ്ഞുപോകുന്ന ലോകമായങ്ങളെ സ്നേഹിച്ചുകൊണ്ടും എത്രയോ വത്സരങ്ങളെ നാം കടന്നു. ദൈവം തന്റെ കൃപയാൽ നമുക്കു തരുന്ന ഈ നവവത്സരത്തിൽ പഴയ മാനുഷന്റെ പ്രവൃത്തികളായ പാപങ്ങളെയെല്ലാം നാം പെരുമാറുപേക്ഷിച്ചു പുതിയ മാനുഷനായ ഈശോമ്ശിഹായുടെ പുണ്യങ്ങളെ നാം അനുകരിക്കണം. നമ്മെ അളവില്ലാത്ത വിധത്തിൽ സ്നേഹിക്കുന്ന സ്വർഗ്ഗത്തിലിരിക്കുന്ന പിതാവായ ദൈവത്തെ നാം മുഴുഹൃദയത്തോടെ സ്നേഹിക്കണം; നമുക്കുവേണ്ടി മാനുഷനായി പിറന്ന പാടുപെട്ട മറിയുയിത്ത നമ്മുടെ കർത്താവീശോമ്ശിഹായെ മുഴുഹൃദയത്തോടെ നാം സ്നേഹിക്കണം. ഇഹത്തിലും പരത്തിലും നമ്മെ ഭാഗ്യപ്പെടുത്തുന്നത് ഈ സ്നേഹം ഒന്നു മാത്രമാണ്. ഒളിക്കപ്പെട്ട നിക്ഷേപം ഇതാകുന്നു. മരണത്തോടെ അവസാനിക്കുന്നതും മായങ്ങളുമായ അന്യസ്നേഹങ്ങളെ നമ്മുടെ ഹൃദയത്തിൽനിന്നു നീക്കിയിട്ടു നിത്യകാലം നമ്മെ ഭാഗ്യപ്പെടുത്തുന്ന ദൈവസ്നേഹം നമ്മിൽ ഒരു നിക്ഷേപംപോലെ ഭദ്രമായി കാത്തു സൂക്ഷിക്കേണം. ഈ സ്വർഗ്ഗീയനിക്ഷേപം കണ്ടെത്തുന്നതിനും, അതിനെ വർദ്ധിപ്പിക്കുന്നതിനും, കാത്തു സൂക്ഷിക്കുന്നതിനുമുള്ള എളുപ്പമായ മാർഗ്ഗങ്ങളെ താഴെ കാണിക്കുന്നു.

ദൈവത്തെ മറന്നും ആത്മത്തെ മലിനപ്പെടുത്തിയുമിരിക്കുന്ന മനുഷ്യൻ നിത്യനാശത്തിൽനിന്നൊഴിയുന്നതിനും, നഷ്ടമായിപ്പോയ ദൈവപ്രസാദം എന്ന മഹാ നിക്ഷേപം വിണ്ടു പ്രാപിക്കുന്നതിനും ഏറ്റം എളുപ്പമുള്ള മാർഗ്ഗം തന്റെ പാപങ്ങളെക്കുറിച്ചു മനസ്സാപപ്പെട്ടു നല്ല കുമ്പസാരം കഴിക്കുന്നതാകുന്നു. ഇപ്രകാരം നഷ്ടമായിപ്പോയ ദൈവപ്രസാദം പുനർജീവിപ്പിച്ച ശേഷം, അതിനെ വർദ്ധിപ്പിക്കുന്നതിനും, ദൈവസ്നേഹത്തിൽ വളരുന്നതിനുമുള്ള മാർഗ്ഗം ദൈവം നമ്മുടെമേൽ കാണിക്കുന്ന അളവില്ലാത്ത സ്നേഹത്തെ ഓർത്തു ധ്യാനിക്കുന്നതാകുന്നു. ദൈവം ആദ്യം നമ്മെ സ്നേഹിച്ചു, ആകയാൽ നാം തന്നെ സ്നേഹിക്കേണ്ടിയിരിക്കുന്നു എന്ന ദൈവസ്നേഹത്തിൻ ഗുരുവായ വിശുദ്ധയോഹന്നാൻ ശ്ലീഹാ പഠിപ്പിക്കുന്നതു ഈ ന്യായത്തിലാകുന്നു. കോപം കോപത്തെ ഇളക്കുന്നതുപോലെ, സ്നേഹം സ്നേഹത്തെ ആകർഷിക്കുന്നു.

"അയാളിൽ വിശ്വസിക്കുന്നയാതൊരുത്തനും നശിച്ചുപോകാതെ നിത്യായുസ്സു പ്രാപിക്കേണ്ടതിനായി, ദൈവം തന്റെ ഏകപുത്രനെ അതിനു കൊടുത്തരുളത്തക്കവണ്ണം അത്രയ്ക്കു ലോകത്തെ

താൻ സ്നേഹിച്ചു" (വി. യോഹന്നാൻ ൩. ഫന്ന.) എന്നുള്ള ഈ സുവിശേഷവാക്യം മനുഷ്യരുടെമേൽ ദൈവത്തിന്നുള്ള അളവില്ലാത്ത സ്നേഹത്തെ കാണിക്കുന്നു. ഒരു വാക്യത്തിന്റെ സാരാർത്ഥം ശരിയായി ഗ്രഹിക്കേണമെങ്കിൽ, ഒരു വാക്യം നമ്മോടു അരുളിച്ചെയ്യുന്നതു ബാവായുടെ മടിയിൽനിന്നു നമുടെ പക്കൽ എഴുന്നള്ളിവന്ന ദൈവപുത്രൻ തന്നെയാണെന്നു ആദ്യമെ നാം മനസ്സിലാക്കണം. ദൈവബോധജ്ഞാനമായിരിക്കുന്ന താൻ ഒരു വാക്യത്താൽ നമ്മെ ഗ്രഹിപ്പിക്കുന്നതിനു അഗ്രഹിക്കുന്ന സത്യം വലിയതാകുന്നു. ദൈവം അളവില്ലാത്ത നന്മസ്വഭാവിയാകയാൽ തന്റെ സ്വഭാവനന്മസ്വരൂപത്തിക്കവണ്ണം അളവില്ലാത്ത വിധത്തിൽ ലോകത്തെ താൻ സ്നേഹിച്ചു, ദൈവം മനുഷ്യരെ സ്നേഹിക്കുന്നതു അളവില്ലാത്ത വിധത്തിലാകുന്നുവെന്നു നമുടെ കർത്താവിന്റെ മനുഷ്യാവതാരത്തിനു മുമ്പിൽ ആരെങ്കിലും പറഞ്ഞാൽ, വിശ്വസിപ്പാൻ പ്രയാസമുണ്ടാകുമായിരുന്നു. എന്നാൽ ദൈവം തന്റെ ഏകപുത്രനെ മനുഷ്യക്കായി നൽകുകയും, ഒരു പുത്രൻ നൽമനസ്സോടെ മനുഷ്യരക്ഷക്കായി സ്വന്ത ആയുസ്സിനെ സ്ലീവാമരത്തിൽ പൂജിക്കുകയും ചെയ്യുന്നതിനെ കാണുന്നയാതൊരുത്തനും ഒരു സത്യത്തിന്മേൽ ഒട്ടും സംശയിക്കുന്നതല്ല. ഒരു രാജാവു് അടിമയെ രക്ഷിപ്പാൻവേണ്ടി കിരീടാവകാശിയായ ഏകപുത്രനെ അവന്നുവേണ്ടി ശിക്ഷയ്ക്കു കയ്യാളിച്ചു എന്നു വന്നാൽ, ഒരു അടിമയെ രാജാവു് അതിരറവിധം സ്നേഹിക്കുന്നുവെന്നു ആരും പറയുമല്ലൊ. സ്നേഹത്തിന്റെ തെളിവുള്ള ലക്ഷ്യം പ്രവൃത്തിയാകുന്നുവെന്നു വിശുദ്ധ വലിയ ഗ്രിഗോരിയോസ് മല്പാൻ സാക്ഷിക്കുന്നു. അപ്പൊ നമുക്കുവേണ്ടി കഠിനപാടുപെട്ടു, തന്റെ തിരുച്ചോരയെല്ലാം ചിന്തി, കുരിശിന്മേൽ മരിച്ചുകൊണ്ടു നമ്മെ രക്ഷിപ്പാൻവേണ്ടി ദൈവം തന്റെ ഏകപുത്രനെ നമുക്കുതന്നതു, മനുഷ്യരായ നമ്മുടെമേൽ ദൈവത്തിന്നുള്ള അളവില്ലാത്ത സ്നേഹത്തിന്റെ ഏറ്റം തെളിവുള്ള ലക്ഷ്യമാകുന്നു. ഇതുയും ചിന്തിച്ചശേഷം, മനുഷൻ ദൈവത്തിന്റെനേരെകാണിക്കുന്നനന്ദിഹീനതയെക്കുറിച്ചു വിസ്മയിക്കാത്തവനാർ? എന്റെ രക്ഷക്കായി ബാവാതമ്പുരാൻപുത്രൻതമ്പുരാനെലോകത്തിലേക്കയച്ചുവെന്നും, പുത്രൻതമ്പുരാൻ അത്യന്തസ്നേഹത്തോടെ എന്നെ സ്നേഹിക്കയും എന്റെ രക്ഷയ്ക്കുവേണ്ടി തന്റെ പ്രാണനെ പൂജിക്കയും ചെയ്തുവെന്നും അറിഞ്ഞിരിക്കുന്ന എത്രയൊക്രുസ്ത്യാനികൾ ഇവയൊന്നും അറിയാതെയും വിശ്വസിക്കാതെയുമിരിക്കുന്ന കാര്യക്കുറ്റുല്യം ദൈവത്തെ മറന്നു ജീവിക്കുന്നു? പലർ പ്രതിനന്ദികാണിക്കാതെയിരിക്കുമാത്രമല്ല, അനേകപാപങ്ങളാൽ ദൈവത്തെ നിന്ദിക്കയും ചെയ്യുന്നു. ഇങ്ങിനെയുള്ളവർ അയക്കപ്പെട്ട ദൈവപുത്രനിൽ വിശ്വസിക്കുന്നുവെന്നു വാകൊണ്ടു പറഞ്ഞാലും, അവരുടെ പ്രവൃത്തികളാൽ ആ വിശ്വാസത്തെ നിഷേധിക്കുന്നു. എന്തുകൊണ്ടെന്നാൽ പ്രവൃത്തിക്കുടാത്ത വിശ്വാസം ചത്തതാകുന്നുവെന്നു വിശുദ്ധ യാക്കോവ് ശ്ലീഹാ പഠിപ്പിക്കുന്നു. അതുകയാൽ നമ്മിൽ ദൈവസ്നേഹം ജനിച്ചുവർദ്ധിക്കുന്നതിനു ദൈവം നമ്മുടെനേരെ കാണിക്കുന്ന അളവില്ലാത്ത സ്നേഹത്തെ ഓർത്തു ധ്യാനിക്കേണ്ടിയിരിക്കുന്നു.

ദൈവസ്നേഹം എന്നീ മഹാനിക്ഷേപം നമ്മിൽ കാത്തുസൂക്ഷിക്കുന്നതിനും അതിനെ വർദ്ധിപ്പിക്കുന്നതിനും കുമ്പസാരം കുർബാന എന്നീ ദിവ്യകൂദാശകളുടെ കൈക്കൊള്ളപ്പാടു ബലമേറിയ സഹായമാണ്. അപ്രകാരം തന്നെ എല്ലാ ദിവസവും കാലത്തു ഉഷഃകാലജപത്തിന്റെശേഷം നിരൂപണവചനം പ്രവൃത്തി ഇവകളാൽ അനുദിനം ചെയ്വാനിരിക്കുന്നസകലവും ദൈവത്തെപ്രതി ചെയ്വാൻ ശുദ്ധനിയോഗം വെക്കുന്നതു ഈ സാദ്ധ്യത്തിന്നു എത്രയും ഉപകാരമുള്ളതാണ്. എന്നാൽ ഏറ്റവും എളുപ്പമുള്ളതും, നമ്മെ എല്ലാപ്പോഴും ദൈവത്തോടു ചേർക്കുന്നതും, ദൈവസ്നേഹം നമ്മിൽ വർദ്ധിപ്പിക്കുന്നതുമായ ഉത്തമമാർഗ്ഗം ഓരോ സ്നേഹപ്രകരണങ്ങളെ ഇടയ്ക്കിടെ ചൊല്ലിക്കൊണ്ടു വരുന്നതാകുന്നു. ഇപ്രകാരമത്രേ ശുദ്ധമാക്കപ്പെട്ടവർ ചെയ്തുകൊണ്ടുവന്നതു. വിശുദ്ധ ഫ്രാൻസിസ്സ് അ

സ്സിസി: "എന്റെ ദൈവം എന്റെ സമസ്തം" എന്നും, വിശുദ്ധ പ്രാൻസീസ്സോസ് ശവരിയാർ: "ശ്ലൂഷാന സ്ത്രീ മെ!" "ഈശോയെ! എന്റെസ്നേഹമെ!" എന്നും എല്ലാപ്പോഴും ചൊല്ലിക്കൊണ്ടുവന്നു. "ഈശോയെ! എന്റെ ദൈവമെ! എല്ലാ വസ്തുക്കളേക്കാൾ നിന്നെ സ്നേഹിക്കുന്നു" എന്നീ സുകൃതജപം വളരെ നല്ലതാണ്. ഇതു ചൊല്ലുമ്പോഴൊക്കെയും ഓരോ ദിവസത്തെ ദണ്ഡവിമോചനമുണ്ട്.

ആകയാൽ ഈ നവവത്സരാരംഭത്തോടെ നമ്മെ ഇഹത്തിലും പരത്തിലും ഭാഗ്യപ്പെടുത്തുന്ന ദൈവസ്നേഹം എന്നി മഹാ നിക്ഷേപത്തെ കണ്ടെത്തി, അതിനെ വർദ്ധിപ്പിച്ചു കാത്തു സൂക്ഷിക്കുന്നതിനു നാം അത്യന്തം ജാഗ്രതയുള്ളവരായിരിക്കണം.

൨ കൊരി. ൪. ൬.

ഈശോയുടെ തിരുഹൃദയ ഭക്തി.

പടയാളികളിൽ ഒരുവൻ ഒരു കുന്തംകൊണ്ട് അവന്റെ വിലാവിനെ കുത്തിത്തുറന്നു; ഉടനെ അതിൽനിന്നു രക്തവും വെള്ളവും പുറപ്പെട്ടു.

യോഹ. ൧൯, ൩൪.

൧. ഈശോയുടെ തിരുഹൃദയഭക്തി ഗാഗുൽത്താ മലയിൽവെച്ചു തന്നെ ആരംഭിച്ചു. അങ്ങേ വിലാവിനെ കുത്തിത്തുറന്ന ശതാധിപൻ ഇതിന്റെ ആരംഭകാരനായിരുന്നു എന്നു പറയാം. ഈശോയുടെ തകർന്നിരുന്ന ഹൃദയം അവനിൽ തന്റെ കരകാണാത്ത കരുണയുടെ ഒരു വലിയ അത്ഭുതത്തെ പ്രവർത്തിച്ചു. ഈശോയുടെ തിരുഹൃദയത്തിൽനിന്നു അവന്റെ കാഴ്ചയില്ലാതിരുന്ന കണ്ണിൽ വീണ രക്തത്തുള്ളി അവന്റെ ശരീരക്കണ്ണിനെ മാത്രമല്ല, ആത്മക്കണ്ണിനെ ക്രമേണയും പ്രകാശിപ്പിച്ചു. അവൻ മാനസാന്തരപ്പെട്ടു ഈശോയുടെ തിരുഹൃദയത്തിന്റെ അളവില്ലാത്ത സ്നേഹത്തിന്റെയും ദയയുടെയും ആദ്യ പ്രേഷകനായി ഭവിച്ചു.

തിരുഹൃദയ ഭക്തിയുടെ വിഷയം ഈശോയുടെ ദൃശ്യമായ ഹൃദയം മാത്രമല്ല; അതിൽ അദൃശ്യമായിരിക്കുന്ന അങ്ങേ അളവില്ലാത്ത സ്നേഹം ക്രമേണയും ആകുന്നു. കാണപ്പെടുന്ന ഹൃദയം കാണപ്പെടാത്ത സ്നേഹത്തിന്റെ അടയാളവും നിധിയും പീഠവുമാകുന്നു. ഇവ രണ്ടും ഈ ഭക്തിയുടെ വിഷയങ്ങളാകുന്നു. ഇവ രണ്ടും ദൈവവും മനുഷ്യനുമായ ഈശോമ്ശിഹായെ സംബന്ധിച്ചവയാകയാൽ, പരമ ബഹുമാനമായ ദൈവാരാധനക്കു യോഗ്യതയുള്ളവയാകുന്നു.

൨. ഒരു ഭക്തിയുടെ മാഹാത്മ്യവും ശ്രേഷ്ഠതയും അതിന്റെ വിഷയത്തിന്റെ ശ്രേഷ്ഠതയും മഹിമയും അനുസരിച്ചാകുന്നു. എന്നാൽ ഈശോമ്ശിഹായുടെ ഹൃദയത്തെക്കാളും അതിൽ സ്ഥിതിചെയ്യുന്ന അമിതമായ അങ്ങേ സ്നേഹത്തെക്കാളും ശ്രേഷ്ഠതരമായ ഭക്തിവിഷയം ഉണ്ടോ? ഈശോമ്ശിഹാ തുങ്ങിമരിച്ച കുരിശും, അങ്ങനെ തന്റെ ശിരസ്സിൽ ധരിച്ച മൽമുടിയും അങ്ങേ കരപാങ്ങളെ തുളച്ച ആണികളും നമ്മുടെ വിശേഷ ഭക്തിയുടെയും വണക്കത്തിന്റെയും വിഷയങ്ങളാകുന്നു. എന്നാൽ അങ്ങേ അപരിമിത സ്നേഹത്തിന്റെയും സ്നേഹനിധിയായ അങ്ങേ ഹൃദയത്തിന്റെയും മുമ്പാകെ ഇവ എന്തുകുന്നു? ഈശോമ്ശിഹായുടെ കഷ്ടാനുഭവങ്ങളും പ്രത്യേകിച്ചു, അങ്ങേ അഞ്ചു മുറിവുകളും നമ്മുടെ നേരെ ഈശോമ്ശിഹായിക്കുള്ള അപാര സ്നേഹത്തിന്റെ അടയാളങ്ങളും ദൃഷ്ടാന്തങ്ങളും ആകുന്നു എന്നതു ശരിയാൽ ഇവ നമ്മുടെ പ്രത്യേക സ്നേഹത്തിന്റെയും ഭക്തിയുടെയും വിഷയങ്ങളാകുന്നു. എന്നാൽ സ്നേഹത്തിന്റെ അടയാളങ്ങളും ലക്ഷണങ്ങളും ആകയാൽ നാം അവയെ ഇത്ര ബഹുമാനിക്കുന്നുവെങ്കിൽ, സ്നേഹത്തിന്റെ വെറും അടയാളങ്ങളല്ലാ. ആ അപരിമിത സ്നേഹത്തെ തന്നെ സൂചിപ്പിക്കുന്ന ഈശോമ്ശിഹായുടെ തിരുഹൃദയവും, അതിൽ സ്ഥിതിചെയ്യുന്ന അങ്ങേ ദിവ്യ സ്നേഹവും, നമ്മുടെ എത്ര ഉന്നത തരങ്ങളായ ഭക്തിവിഷയങ്ങളാകണം. ഈശോമ്ശിഹായുടെ തിരുരക്തം വിലമതിച്ചു.

ക്കുടാത്തതാകുന്നു. (വിശു. പ്രോ.) എന്തെന്നാൽ ഇതു് ലോകത്തിന്റെ പീഡയെപ്പറ്റിന്നായി കൊടുക്കപ്പെട്ട വിഷയാകുന്നു. ഇതു് ദേഹദുഃഖങ്ങൾ മൂലം ലോകത്തെ ശുദ്ധീകരിക്കുന്നു. എന്നാൽ ഇതു അമൂല്യമായ തിരുരക്തത്തിന്റെ മൂലവും ഉറവയുമായ ആ തിരുഹൃദയം നമ്മുടെ എത്രയോ ഏറ്റം വലിയ സ്നേഹത്തിന്നു യോഗ്യതയുള്ളതാകുണം! ദൈവം സ്നേഹമാകുന്നു. ക്രൈസ്തവ വേദത്തിന്റെ അത്ഭുതവും ആത്മാവും, ഈശോമ്ശിഹാ ലോകത്തിൽ കൂത്തപ്പുൻ വന്നതിയായ സ്നേഹമാകുന്നു. സുവിശേഷം മുഴുവനും സ്നേഹത്തിന്റെ ഉപദേശമാകുന്നു. സ്നേഹിക്ക എന്നതു സുവിശേഷത്തിന്റെ സംഗ്രഹവുമാകുന്നു. എന്നാൽ ഈശോയുടെ തിരുഹൃദയഭക്തി, ഈ സ്നേഹത്തെ നമ്മെ പഠിപ്പിക്കുന്നു. ആകയാൽ തിരുഹൃദയഭക്തിയിൽ സുവിശേഷവും ക്രിസ്തുവേദത്തിന്റെ സാരാംശവും അടങ്ങിയിരിക്കുന്നു.

൨. ഇനി ഈ ഭക്തിയെ നാം അഭ്യസിക്കേണ്ട മുറയെക്കുറിച്ചു് ആലോചിക്കാം. ഈ ഭക്തിയുടെ ആദ്യത്തെ പടി, നമ്മെ മുഴുവനും ഈശോയുടെ തിരുഹൃദയത്തിന്നു സമർപ്പിക്കുന്നതാകുന്നു. നാം എല്ലാ ദിവസവും ചെയ്യുന്ന വേലകളും ചൊല്ലുന്ന പ്രാർത്ഥനകളും, സഹിക്കുന്ന കഷ്ടതകളും എല്ലാം ഈശോമ്ശിഹായ്ക്കു വേണ്ടിയും ഈശോമ്ശിഹായുടെ ഉദ്ദേശങ്ങൾക്കുവേണ്ടിയും ചെയ്യും സഹിച്ചും അങ്ങേ തിരുഹൃദയത്തിനു സമർപ്പിക്കണം. നമ്മുടെ ഹൃദയം നിഷ്കളങ്കമായ തല്പരത്തയാൽ, മറിയത്തിന്റെ നിർമ്മല ഹൃദയം വഴിയായി ഇവയെ നാം കാഴ്ച വെക്കണം. ഈ സമർപ്പണം താഴെ പറയുന്ന രീതിയിൽ ചെയ്യാവുന്നതാകുന്നു. എന്റെ ഈശോയെ, മറിയത്തിന്റെ നിർമ്മല ഹൃദയം വഴിയായി ഇന്നത്തെ എന്റെ എല്ലാ ജപങ്ങളും വേലകളും പീഡകളും, ലോകമെങ്ങുമുള്ള ദിവ്യപൂജകളോടു ചേർത്തുകൊണ്ടു നിന്റെ തിരുഹൃദയത്തിന്റെ എല്ലാ അഭിപ്രായങ്ങൾക്കായി ഞാൻ ഇവയെ സമർപ്പിക്കുന്നു.

തിരുഹൃദയഭക്തിയിൽ അനുസരിക്കേണ്ട രണ്ടാംപടി, ഈശോയുടെ തിരുഹൃദയം ആഗ്രഹിക്കുന്ന കാര്യങ്ങൾക്കായി നാം പ്രവർത്തിക്കുന്നതാകുന്നു. ഈശോയുടെ തിരുഹൃദയം ഉൽക്കണ്ഠപൂവ്വം ആഗ്രഹിക്കുന്നതു് തന്റെ പിതാവിന്റെ സ്തുതിയും പാപികളുടെ മനസ്സുതിരിവും രക്ഷയും, ശുദ്ധീകരണസ്ഥലമായ ക്ലേശഗൃഹത്തിൽ തടയപ്പെട്ടിരിക്കുന്ന ആത്മാക്കളുടെ മോക്ഷപ്രാപ്തിയും ആകുന്നു. ഇതിന്നായിട്ടു തിരുഹൃദയ ഭക്തിക്കാർ ദിവസംപ്രതി ൫ ആ. ൫൦ നന്മ. ക്രൂശിയ ജപമാലയുടെ ഒരു ദശകാംശം ചൊല്ലി പ്രാർത്ഥിക്കണം.

തിരുഹൃദയഭക്തിയുടെ മൂന്നാംപടി പ്രതിമാസമുള്ള പരിഹാര സമർപ്പണമാകുന്നു. തിരുഹൃദയഭക്തിയുടെ രണ്ടു പ്രധാന കടമകൾ സ്നേഹവും, നിന്ദാപരിഹാരവും ആകുന്നു. അതായതു്, നമുക്കുവേണ്ടി തന്റെ ജീവനെ തന്ന ഉത്തമ സ്നേഹിതനായ ഈശോമിശിഹായെ നാം സ്നേഹിക്കണം. അങ്ങേ ഉപകാരങ്ങളെ മറന്നു നന്ദികെട്ടവരായി അങ്ങേ ഉപദ്രവിക്കുന്നവർക്കുവേണ്ടി ക്രൂടെയും നാം അങ്ങേ സ്നേഹിക്കണം. അവർ മാത്രമല്ല, ഒരു കാര്യത്തിൽ നമ്മെ അങ്ങേക്കു വിരോധമായി ചെയ്തിട്ടുള്ളവരും ചെയ്യുവരുന്നവരുമായ ദോഷങ്ങൾക്കും നിന്ദകൾക്കും പരിഹാരമായി മാസംപ്രതിയും കുഴിയുന്നതായിരുന്നാൽ ദിവസംപ്രതിയും ദിവ്യകാരുണ്യമുൽക്കാഴ്ചയുള്ളകയും, പരിഹാര ജപങ്ങൾ കഴിക്കയും, ദിവ്യകാരുണ്യസന്ദർശനം ചെയ്യുകയും മറ്റു സൽക്കർമ്മങ്ങളെ അനുഷ്ഠിക്കയും ചെയ്യുകൊണ്ടു് അങ്ങേ അറിയപ്പെടാത്തതും സ്നേഹിക്കപ്പെടാത്തതുമായ സ്നേഹത്തിന്നു പ്രതിസ്നേഹം നാം കാണിക്കണം.

അവസാനമായി തിരുഹൃദയ ഭക്തിയെ സംബന്ധിച്ചു പി. ബെനഡെക്ടർ പറയുന്നതു് നിങ്ങൾ കേൾപ്പിൻ: ഈശോയുടെ ഹൃദയം, ഇന്നിക്കായി ഞാൻ തെരഞ്ഞെടുത്തിട്ടുള്ള ആലയമാകുന്നു. അവിടെ എന്റെ ഹൃദയം വിശ്രമിക്കും: അവിടെ എന്റെ ഈശോയുടെ ഹൃദയത്തോടു ഞാൻ സംസാരിക്കും; അവിടെ ഞാൻ ആഗ്രഹിക്കുന്നതെല്ലാം സാധി

ക്കും. നാം ഈ ദിവ്യഹൃദയത്താൽ അപാരമായി സ്നേഹിക്കപ്പെട്ടുന്നു എന്നും, എല്ലാ ക്ഷണങ്ങളിലും അത് നമ്മുടെ അപേക്ഷ കേൾപ്പാൻ തയ്യാറായിരിക്കുന്നു എന്നും; നമ്മുടെ ദാരിദ്ര്യത്തിൽ നമ്മെ സമ്പന്നരാക്കുവാനും, നമ്മുടെ ക്ലേശത്തിൽ നമ്മെ ആശ്വസിപ്പിപ്പാനും, നമ്മുടെ വ്യാധികളിൽ നമ്മെ സുഖപ്പെടുത്തുവാനും, നമ്മുടെ പരീക്ഷകളിൽ നമ്മെ സഹായിപ്പാനും നമ്മെ ക്ഷണിച്ചുകൊണ്ട് അത് നമുക്കായി എപ്പോഴും പ്രാർത്ഥിക്കുന്നു എന്നും ഉള്ള ഓർമ്മ നമുക്കു എത്ര ആശ്വാസകരമായുള്ളതാകുന്നു. നാം അതിന്റെ അപേക്ഷയ്ക്കു ചെവികൊടുക്ക. ക്ലേശാർത്തന്മാരായ നാം അതിൽ സാന്ത്വനം കണ്ടെത്തും; പാപികളായ നാം അതിൽ സദാചാരത്തെ കണ്ടെത്തും, മന്ദോഷ്ണന്മാരായ നാം അതിൽ ഭക്തിതീഷ്ണതയെ കണ്ടെത്തും, ശക്തിഹീനന്മാരായ നാം അതിൽ ശക്തിയെ കണ്ടെത്തും, നീതിമാന്മാരായ നാം അതിൽ ഉത്തമത്വത്തെ കണ്ടെത്തും, മരണാസന്നന്മാരായ നാം അതിൽ ദൃഢവിശ്വാസത്തെയും ഭാഗ്യത്തെയും കണ്ടെത്തും. എന്തെന്നാൽ നമ്മെ പ്രിയപ്പെടുന്നവനെ ഹൃദയത്തോടു സ്ഥിരഭക്തന്മാരായശേഷം മരിക്കുന്നത് നമുക്കു മധുരമുള്ളതാകുന്നു.

Y.5.12 .2 .ൽ

ശിക്ഷാവിധിയിൻകീഴ്
സകല മനുഷ്യരും പ്രവേശിക്കേണ്ടതായ ഒരു സഭയെ മിശിഹാ ഭൂമിയിൽ സ്ഥാപിച്ചു.

മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാനായി മിശിഹാ ഭൂമിയിൽവന്നു ജീവിക്കയും പാടുപെട്ടു മരിക്കയും ചെയ്തുവെന്ന ഈ സത്യം വിവിധമതക്കാരായ സകല ക്രിസ്ത്യാനികളും സമ്മതിക്കുന്നുണ്ട്. മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പു നമ്മുടെ കർത്താവിന്റെ വലിയതും പ്രധാനമായതുമായ വേലയാകുന്നു. കുരിശുമരണത്താൽ താൻ പിതാവിന്റെ കോപത്തെ ശമിപ്പിക്കയും മനുഷ്യവർഗ്ഗം നഷ്ടമാക്കിയ വരപ്രസാദത്തെ നമുക്കു പ്രാപിച്ചുതരികയും ചെയ്തു. എന്നാലും കുരിശുമരണത്തോടുകൂടെ മിശിഹായുടെ വേല അവസാനിച്ചുവെന്ന് ഏതു ക്രിസ്ത്യാനിയും വാദിക്കുന്നതല്ല. കുരിശിലെ തന്റെ പൂജയിലായി മനുഷ്യരക്ഷ നിവൃത്തിയായി എന്നു പറയുമ്പോൾ അതിന്റെ അർത്ഥം സ്വർഗ്ഗീയ ദാനങ്ങളുടെ നിക്ഷേപം മനുഷ്യർക്കു തുറക്കപ്പെട്ടു എന്നും രക്ഷയ്ക്കു ആവശ്യമായ വരപ്രസാദം സകലരും പ്രാപിക്കുവാനുള്ള വഴിയുണ്ടായി എന്നും മാത്രമാണ്. മിശിഹാ കുരിശിൽ മരിച്ചതുകൊണ്ടുമാത്രം മനുഷ്യർ രക്ഷപെട്ടില്ല. തന്റെ പൂജയുടെ യോഗ്യതയും വിലയും അളവില്ലാത്തതായിരുന്നാലും അതിന്റെ ഫലങ്ങൾ മനുഷ്യർക്കു ചെന്നിരങ്ങിയില്ല. അങ്ങിനെ ചെന്നിരങ്ങിയിരുന്നെങ്കിൽ പാപമുണ്ടാകുന്നതു അസംഭവ്യവും വിശുദ്ധീകരണവും രക്ഷയും ഒഴിച്ചുകൂടാത്തതായി തീരുന്നതുമായിരുന്നു. നമ്മുടെ രക്ഷകൻ പ്രാപിച്ച രക്ഷയുടെ വരപ്രസാദം ലോകത്തിൽ ജനിച്ചുകൊണ്ടിരിക്കുന്ന മനുഷ്യാത്മാക്കളിലെല്ലാം കൊണ്ടുചെരപ്പെടേണ്ടതാണ്. അതിനായി എല്ലാ കാലത്തും രക്ഷയുടെ ഫലങ്ങളെ മനുഷ്യരിൽ വരുത്തുന്നതിനായി തന്റെ വേലയെ താൻ എന്നും ചെയ്തുകൊണ്ടിരിക്കുന്നു. ആകയാൽ രക്ഷയുടെ വേലയെ പൂർത്തിയാക്കുന്നതിനായി അഥവാ ആത്മാക്കളെ വിശുദ്ധീകരിക്കുന്ന വരപ്രസാദം നൽകുന്നതിനായി നമ്മുടെ ദിവ്യരക്ഷകൻ തെരഞ്ഞെടുത്ത മാർഗ്ഗം എന്താണെന്നുള്ളതിനെപ്പറ്റി ഇവിടെ നാം വിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു. നാം ആലോചിക്കേണ്ടതു അതിനായി മിശിഹായ്ക്കു എന്തുചെയ്വാൻ പാടുണ്ടായിരുന്നു എന്നതിനെപ്പറ്റിയല്ല, അവർ തന്നെ സാക്ഷാൽ എന്തു ചെയ്തു എന്നതിനെപ്പറ്റി മാത്രമാണ്. തന്റെ വരപ്രസാദങ്ങളെ നമ്മിൽ ഓരോരുത്തർക്കു നൽകുന്നതിനായി അദൃശ്യമായ ഒരു സഭയെ മാത്രം ഭൂമിയിൽ സ്ഥാപിക്കയും തൻമൂലം രക്ഷയുടെ ഫലങ്ങളെ നമ്മിൽ ഓരോരുത്തർക്കും ഭാഗിച്ചുതരികയും

ചെയ്യുന്നതിനു തനിക്കു പാടുണ്ടായിരുന്നു. അതൊക്കെയും തന്റെ തിരുമനസ്സിന്മേൽ ആശ്രയിച്ചിരുന്നതാണ്. ഏതാനാൽ സുവിശേഷങ്ങൾ നമ്മെ അറിയിച്ചതനുസരിച്ചു അദൃശ്യമായ സഭയെ അവിടുന്നു സ്ഥാപിച്ചില്ലെന്നാണ്. തന്റെ തിരുച്ചിത്തം ആത്മികവും ദൃശ്യവും പൊതുവും അമനുഷ്യികവുമായ ഒരു സഭയിൽ താൻ രക്ഷിച്ച ആളുകൾ എല്ലാവരും ഉൾപ്പെട്ടിരിക്കണമെന്നായിരുന്നു. ഭൂമിയിൽ മ്ശിഹായുടെ സഭയെന്ന പേരുള്ള ഒരു രാജ്യം സ്ഥാപിക്കുന്നതിനും അതിൽ രക്ഷയുടെ ഫലങ്ങൾ സകല മനുഷ്യരും അനുഭവിക്കാനുള്ള മാർഗ്ഗം ഏർപ്പെടുത്തുന്നതിനുമുള്ളസ്വന്ത തിരുമനസ്സിനെ അവിടുന്നു വെളിപ്പെടുത്തി. താഴെ പറയുന്ന രണ്ടു പ്രമേയങ്ങൾകൊണ്ടു ഇതിനെ ദൃഷ്ടാന്തീകരിക്കാം. (ക) ഏവർക്കും ഗ്രാഹ്യമായി തീരത്തക്കവണ്ണം ദൃശ്യമായ ഒരു സഭയെ ഭൂമിയിൽ സ്ഥാപിക്കണമെന്നുള്ള സ്വന്ത നിശ്ചയത്തെ മ്ശിഹാ വെളിപ്പെടുത്തി. (ഖ) അതിൽ സകല മനുഷ്യരും പ്രവേശിക്കണമെന്നു അവിടുന്നു കല്പിക്കയുംചെയ്തു. സഭയെന്ന ഇവിടെ പറഞ്ഞതിന്റെ അക്ഷരാർത്ഥം ഒരു സമൂഹം എന്നാണ്. മ്ശിഹാ ഭൂമിയിൽ ദൃശ്യമായ ഒരു സഭയെ സ്ഥാപിച്ചു എന്നു പറയുന്നതിന്റെ സാരം തന്റെ ഉപദേശത്തെ സ്വീകരിച്ചു വിശ്വസിക്കയും ഉപദേശം സംബന്ധിച്ചും ഭരണം സംബന്ധിച്ചും അവിടുന്നു നിയമിച്ചിരിക്കുന്ന ആളുകളുടെ ഭരണത്തിൽ ഇരിക്കയും ചെയ്യേണ്ടവരായ ആളുകളുടെ ഒരു സമൂഹത്തെ സ്ഥാപിച്ചു എന്നാണ്. ഈ സഭയുടെ ദിവ്യസ്ഥാപകൻ തന്റെ രാജ്യം എന്നു പേർവിളിക്കപ്പെടുന്നു ഇതിന്റെ അടിസ്ഥാനം എങ്ങനെയിടുന്നു എന്നും എങ്ങനെ അതിനെ പണിതു മുഖിയാക്കുന്നുഎന്നും വേദപുസ്തകത്തിൽ നാം അന്വേഷിക്കേണ്ടിയിരിക്കുന്നു. വി. മർക്കോസിന്റെ സുവിശേഷം മൂന്നാം അദ്ധ്യായത്തിൽ, "അവിടുന്നു (ഈശോ) മലയിൽ കയറി താൻ മനസ്സായവരെ വിളിക്കയും അവർ തന്റെ അടുക്കൽവരികയും ചെയ്തു. അവരിൽ പേർ അങ്ങേക്കുടെ ഉണ്ടാകണമെന്നും അവരെ പ്രസംഗിക്കാനായി അയക്കണമെന്നും അവിടുന്നു നിശ്ചയിച്ചു" എന്നുപറയപ്പെടുന്നു. വിശുദ്ധ മത്തായി പത്താം അദ്ധ്യായത്തിലും വി. ലൂക്കാ ആറാം അദ്ധ്യായത്തിലും ഈ സംഗതിതന്നെ വെളിപ്പെടുത്തുന്നുണ്ട്. വി. മർക്കോസ് മ്ശിഹാ തെരഞ്ഞെടുക്കയും പ്രേഷകന്മാർ എന്ന നാമകരണം ചെയ്കയും ചെയ്ത പേരുടെ പേരുകളും കാണിക്കുന്നുണ്ട്. പിന്നീട് നമ്മുടെ കർത്താവു തന്റെ പ്രസംഗകാലത്തു താൻ നടത്തിയ വേലതന്നെ ഈ (ശ്ലീഹന്മാരും) പ്രേഷകന്മാരും നടത്തുന്നതിനുള്ള ശക്തതയും അധികാരവും അവർക്കു കൊടുക്കുന്നതായി നാം കാണുന്നു. അന്ത്യംതന്നെ ലോകത്തിൽ സകലത്തും പോയി പ്രസംഗിക്കുന്നതിനുള്ള അധികാരത്തെ അവർക്കു താൻ കൊടുത്തു. "ആകാശത്തിലും ഭൂമിയിലും ഉള്ള സകല അധികാരവും എനിക്കു ലഭിച്ചിരിക്കുന്നു." എന്നു പറഞ്ഞു തന്റെ ദൈവികാധികാരത്തെ അവർക്കു വെളിപ്പെടുത്തി അറിയിച്ചു. അനന്തരം "നിങ്ങൾ പോയി സകല ജാതിജനങ്ങളേയും പഠിപ്പിക്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം കാക്കണമെന്നു അവരെ പഠിപ്പിക്കയും ചെയ്യുവിൻ" (മത്തായി അ. ൨൮) എന്നു അവരോടു കല്പിച്ചു. അതുകയാൽ മ്ശിഹാ സ്വന്ത പ്രേഷകന്മാർക്കു പഠിപ്പിക്കുവാനുള്ള അധികാരം നൽകി. ഈ അധികാരം എല്ലാ ജാതിജനങ്ങളേയും എല്ലാകാലത്തും പഠിപ്പിക്കുവാനായിരുന്നു. പ്രസ്തുത അധികാരം എല്ലാകാലത്തും നിലനിൽക്കുന്നു ഒന്നാണെന്നു ഈ കല്പന കൊടുത്തപ്പോൾ അവിടുന്നു ഉപയോഗിച്ച വാക്കുകൾ വിശദീകരിക്കുന്നു. എന്തെന്നാൽ പ്രസ്തുത കല്പനയുടെ ശേഷം ഉടനെ 'ഇതാ ലോകാവസാനംവരെ എല്ലാകാലത്തും നിങ്ങളോടുകൂടെ ഞാൻ ഉണ്ടായിരിക്കുന്നു' എന്നാണു അവിടുന്നു അരുളിച്ചെയ്യുന്ന വാക്കുകൾ. അതുകയാൽ ലോകത്തിന്റെ അവസാനംവരെ എല്ലാ ജാതിജനങ്ങളുടെയും ഇടയിൽ തന്റെ വേലയെ പിൻതുടരുകയും തന്റെ അധികാരം വഹിക്കയും ചെയ്യു

ന്ന ഉപദേഷ്ടാക്കളെ അഭിഷിക്തനായ ഏല്പിച്ചുത്തി എന്നുള്ളതു തക്കമാറാസംഗതിയാണ്. പഠിപ്പിക്കുവാനായി ശ്രീഹന്മാക്ക് മ്ശിഹാ കൊടുത്ത അധികാരം അവരുടെ കാലത്തോടുകൂടി തീർന്നുപോകാത്തതും അവരുടെ സ്ഥാനത്തു തന്റെ പ്രതിനിധികളായി ഇരുന്ന പിൻഗാമികളിൽ നിലനിൽക്കുന്നതുമായിരുന്നു.

മ്ശിഹാ സ്ഥാപിച്ച സഭയെപ്പറ്റി മേൽവിചരിച്ചപ്പോൾ രക്ഷയുടെ ഫലങ്ങൾ സകല മനുഷ്യരും അനുഭവിപ്പാനുള്ള മാർഗ്ഗം ആ സഭയിൽ ഏല്പിച്ചുത്തിയെന്നു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഈ മാർഗ്ഗം വിശുദ്ധ ക്രമാശകൾ തന്നെയാണ്. പഠിപ്പിക്കുവാനുള്ള അധികാരം നമ്മുടെ കർത്താവു സ്വന്ത ശ്രീഹന്മാക്ക് കൊടുത്തപ്പോൾ ഈ ക്രമാശകളിൽ ഒന്നാമത്തെതിനെപ്പറ്റി താൻ പ്രസ്താവിച്ചതു് "നിങ്ങൾ പോയി സകല ജാതിജനങ്ങളേയും പഠിപ്പിച്ചു പിതാവായുടേയും പുത്രന്റേയും പരിശുദ്ധാത്മാവായുടേയും നാമത്തിൽ അവരെ മാമ്മോദീസാ മുക്കുവിൻ: വിശ്വസിച്ചു മാമ്മോദീസാ മുങ്ങുന്നവൻ രക്ഷിക്കപ്പെടും" എന്നത്രെ. പിന്നൊരിക്കൽ 'ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുമോ അവ അപ്രകാരം മോചിക്കപ്പെടുമെന്നും ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കാതെ പിടിക്കുമോ അവ പിടിക്കപ്പെടുമെന്നും' നമ്മുടെ കർത്താവു തന്റെ അപ്പോസ്തലന്മാരോടു അരുളിച്ചെയ്തു. മാത്രമല്ല, നമ്മുടെ കർത്താവു കഷ്ടാനുഭവത്തിന്റെ തലേരാത്രി അപ്പം എടുത്തു അശീർവ്വദിച്ചു മുറിച്ചുകൊണ്ടു 'ഇതു എന്റെ ശരീരമാകുന്നു' എന്നും വീഞ്ഞു എടുത്തു അശീർവ്വദിച്ചുകൊണ്ടു 'ഇതു എന്റെ രക്തമാകുന്നു' എന്നും അരുളിച്ചെയ്തതും ഇതു എന്റെ ഓർമ്മയ്ക്കായി ചെയ്തുകൊൾവിൻ എന്നു കല്പിച്ചുകൊണ്ടു ശ്രീഹന്മാക്ക് കൊടുക്കയുംചെയ്തു. ചേദപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്ന ഈ കാര്യങ്ങൾ വായനക്കാർ ശ്രദ്ധയോടെ ആലോചിക്കേണ്ടതുതന്നെയാണ്. ഈ കാര്യങ്ങളും ദൈവാരാധനയുടെ പ്രവൃത്തികളുമായ ഈ ചടങ്ങുകൾ ദിവ്യരക്ഷകനാൽ സ്ഥാപിതങ്ങളായവയാണ്. ഭൂമിയിൽ മ്ശിഹായുടെ രാജ്യത്തെപ്പറ്റി ഇനിയും അറിയാനുള്ള ഒരു സംഗതി ഈ ആത്മിക രാജ്യത്തിൽ ഉൾപ്പെട്ടതും ഗങ്ങൾ തന്നിൽ നിന്നു അധികാരം പ്രാപിച്ച ആളുകളാൽ ഭരിക്കപ്പെടണമെന്നുള്ളതാണ്. മേൽകാണിച്ച വാക്കുകളിൽ ഈ ജ്ഞാനാധികാരത്തേപ്പറ്റി തെളിവായി നമ്മുടെ രക്ഷകൻ അറിയിച്ചിട്ടുണ്ട്. അഭിഷിക്തനായ തന്റെ സഭയെ ഏറ്റവും ഉയർന്ന ന്യായാസനമായി സ്ഥാപിക്കയും അതിന്റെ വിധിക്കു അപ്പീൽ ഇല്ലാത്തതായി നിശ്ചയിക്കയും ചെയ്തു. (മത്തായി അ. ൧൮) എന്തെന്നാൽ "അവൻ സഭയെ കേൾക്കയില്ലെങ്കിൽ നിനക്കു കാര്യത്തെപ്പോലെയും ചുങ്കക്കാരനെപ്പോലെയും അവൻ ആയിരിക്കട്ടെ" എന്നു നമ്മുടെ കർത്താവു അരുളിച്ചെയ്തശേഷം 'ഭൂമിയിൽ നിങ്ങൾ അഴിക്കുന്നതൊക്കെയും ആകാശത്തിലും അഴിക്കപ്പെട്ടതായിരിക്കു'മെന്നു ശ്രീഹന്മാരോടു അറിയിക്കയും ചെയ്തു. പിന്നീടു ശ്രീഹന്മാരിൽ ഒരാളെ ഈ സഭയുടെ ശ്രേഷ്ഠനായി നമ്മുടെ കർത്താവു നിയമിക്കയും തന്റെ സഭ സ്ഥാപിക്കപ്പെടാനുള്ള പാറ എന്നർത്ഥമുള്ള പത്രോസ് എന്ന അയാൾക്കു പേരിടുകയും ചെയ്തു. മാർ പൌലോസു ശ്ലീഹാ (കൊരിന്ത്യർക്കു അ. ൩) 'ഈശോമ്ശിഹാ എന്ന അടിസ്ഥാനമല്ലാതെ വേറൊരു അടിസ്ഥാനം സ്ഥാപിക്കാൻ യാതൊരുത്തനാലും പാടുള്ളതല്ലെന്നു' അരുളിച്ചെയ്തിരിക്കുന്നതുപോലെ സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്ന അടിസ്ഥാനക്കല്ലു ഈശോമ്ശിഹാ ആയിരുന്നാലും അഭിഷിക്തനായ അദൃശ്യമായ കല്ലാണ്. അദൃശ്യമായ കല്ലു പത്രോസാണ്. രക്ഷിതാവു സഭയുടെ അദൃശ്യമായ ശ്രേഷ്ഠാധിപതിയായി എക്കാലത്തും സ്ഥിതിചെയ്യുന്നു. ഭൂമിയിൽ മനുഷ്യർക്കു ദർശകനായ തക്ക ദൃശ്യശ്രേഷ്ഠൻ പത്രോസാണ്. "ആകാശരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും" എന്നു രക്ഷിതാവു പത്രോസിനോടു അരുളിച്ചെയ്തതും അടുകളും കുഞ്ഞാടുകളുമായ തന്റെ സകല അജക്രൂട്ടത്തേയും മേയിക്കാനായി അദ്ദേഹത്തെ അധികാരപ്പെടുത്തുകയും ചെയ്തു. 'താക്കോലിന്റെ സമർപ്പണം' അധികാരസമർപ്പണംതന്നെ

യാണു സൂചിപ്പിക്കുന്നതു്. അപ്രകാരംതന്നെ 'ആടുകളെ മേയിക്ക' എന്നതു അവയെ ഭരിക്കുന്ന ഇടയന്റെ ഉദ്യോഗത്തെ കാട്ടുന്നതുമാണ്.

?ბა .2 .ბ

തിരുസഭാ ചരിത്രം.

വിശുദ്ധ തോമ്മാശ്ലീഹാ.

൭—ാംസക്തം.

വിശുദ്ധ ശ്ലീഹായിക്കു ദൈവജനനിയുടെ നേരെയുണ്ടായിരുന്നഭക്തി. മലയാളത്തിൽ വീണ്ടും എഴുവഷ്ം താമസിച്ചു. അന്ത്യയാത്രപറഞ്ഞു പിരിയുന്നു.

പരിശുദ്ധ ദൈവജനനി വിശുദ്ധ ശ്ലീഹായിക്കു മലയാറ്റൂർ വച്ചു പ്രത്യക്ഷയായ വിവരം കഴിഞ്ഞ സക്തത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. അദ്ദേഹത്തിനു ഈ പരിശുദ്ധ മാതാവിന്റെ നേരെയുണ്ടായിരുന്ന വിശേഷ ഭക്തിയെക്കുറിച്ചും ഇവിടെ സ്വല്പം പറയുന്നതു യുക്തമായിരിക്കുമെന്നു വിചാരിക്കുന്നു. ശ്ലീഹന്മാർ എല്ലാവരും പരിശുദ്ധ മാതാവിന്റെ പ്രത്യേക ഭക്തന്മാരായിരുന്നു. എന്നാൽ നമ്മുടെ ശ്ലീഹായിക്കു പരിശുദ്ധ കന്യകയുടെപേരിൽ ഉണ്ടായിരുന്ന വിശിഷ്ടഭക്തിയെ തെളിയിക്കുന്ന ഒരു ദൃഷ്ടാന്തം അദ്ദേഹത്തിന്റെ ചരിത്രത്തിൽ കാണുന്നുണ്ടു. എന്തെന്നാൽ പൂർവ്വചരിത്രകാരന്മാർ സാക്ഷിക്കുന്നുപോലെ, പരിശുദ്ധ മറിയത്തിന്റെ ഭാഗ്യപ്പെട്ട മരണസന്ദർഭത്തിൽ ദൈവമല്ലത്തോൽ, ശ്ലീഹന്മാരെല്ലാവരും വന്നുചേർന്നു. അവരോടു അനായിക വേണ്ട ഗുണദോഷങ്ങളൊക്കെയും പറഞ്ഞു അവർക്കു അന്ത്യ പൂർണ്ണ ആശീർവ്വാദം നൽകി. അവിടെ മാലാഖമാരോടുകൂടെ എഴുന്നെള്ളി വന്നിരുന്ന തന്റെ തിരുക്കുമാരന്റെ കരങ്ങളിൽ പരിശുദ്ധ ആത്മാവിനെ കയ്യാളിച്ചു. കബറടക്കത്തിന്റെ ശേഷം മൂന്നു ദിവസത്തേക്കു ഒഴിയാതെ, വിശുദ്ധ കബറിങ്കൽ സ്വർഗ്ഗാരൂഢികളുടെ ഗാനങ്ങൾ കേൾക്കപ്പെട്ടിരുന്നു. എന്നാൽ ദൈവം തന്റെ സ്നേഹജനനിയുടെ ഉയിർപ്പും സ്വർഗ്ഗാരോപണവും ലോകത്തിനു വെളിപ്പെടുത്തുന്നതിലുള്ള അപൂർവ്വബഹുമതിയും ഭാഗ്യവും നമ്മുടെ ഈ പിതാവിനു നിശ്ചയിച്ചിരുന്നതിനാൽ, ദൈവഗത്യാ കബറടക്കത്തിന്റെ മൂന്നാം ദിവസം മാത്രമേ അദ്ദേഹം ഓർശ്ലേമ്മിൽ ചെന്നെത്തിയുള്ളൂ. മാതാവിനെ കാണുന്നതിനും ആശീർവ്വാദം ലഭിക്കുന്നതിനും കഴിയാഞ്ഞതിനാൽ ശ്ലീഹാ അത്യന്തം വ്യസനിച്ചു, തന്റെ തിരുശരീരമെങ്കിലും ഒന്നു കാണണമെന്നു നിർബന്ധിച്ചു അപേക്ഷിച്ചതുകൊണ്ടു്, തിരുക്കബറിടം തുറക്കേണ്ടിവന്നു. എന്നാൽ തിരുശരീരം അവിടെ കാണാഞ്ഞതിനാലും അത്ഭുതരെയും ഇടവിടാതെ കേട്ടിരുന്ന സംഗീതങ്ങൾ നിന്നുപോയതിനാലും ദൈവം അമലോത്ഭവയായ സ്വന്ത കന്യകാജനനിയെ അത്ഭുതമായി ഉയിർപ്പിച്ചു ശരീരത്തോടുകൂടെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയി എന്നു ശ്ലീഹന്മാരും മറ്റെല്ലാവരും ഏകകണ്ഠമായി തീർച്ചപ്പെടുത്തി. ഇതിനെക്കുറിച്ചു കൂടുതലായ ഒരു പാരമ്പര്യം ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്നു. വിശുദ്ധ ശ്ലീഹാ പരിശുദ്ധ ദൈവജനനിയെ കാണാഞ്ഞതിനാൽ ദുഃഖിതനായി സ്വർഗ്ഗത്തിലേക്കു കണ്ണുകളെ ഉയർത്തി നോക്കിയപ്പോൾ, അസംഖ്യം ദൈവദൂതന്മാരുടെയും പരിശുദ്ധന്മാരുടെയും പരിവാരസമേതം, ദേവമാതാവു മഹിമപ്രതാപത്തോടെ പരമണ്ഡലത്തിലേക്കു എഴുന്നെള്ളിപ്പോകുന്നതു കാണുന്നതിനു ഭാഗ്യം സിദ്ധിച്ചു. അപ്പോൾ ശ്ലീഹാ സ്നേഹപരവശനായി, ഏറ്റവും പ്രിയപ്പെട്ട അമ്മെ! അങ്ങേ കണ്ടു ആശീർവ്വാദം ലഭിക്കുന്നതിനു ഇനിക്കിടയാകാഞ്ഞതിനാൽ, ഇപ്പോൾ അങ്ങേ ആശീർവ്വാദവും സ്നേഹത്തിന്റെ വല്ലൊരു അടയാളവും ഇനിക്കു നൽകിയരുളേണമേ എന്നു അപേക്ഷിച്ചു. അതിനു ഈ സ്നേഹമാതാവു സ്വന്ത പ്രിയ മകനു വാത്സല്യത്തിന്റെ അച്ചാരമായി, ഏലിയാനിന്ന്യാ ഏലീശായ്ക്കു സ്വന്ത കുപ്പായം ഇട്ടുകൊടുത്തതുപോലെ, ആകാശത്തിൽനിന്നു അങ്ങേ ഇടക്കെട്ടി

നെ ഇട്ടുകൊടുത്തു. തന്നിമിത്തം ഈ വിശുദ്ധന്റെ എത്രമാത്രം ആനന്ദം ഉള്ളവായി എന്നു പറഞ്ഞറിയിപ്പാൻ പ്രയാസം. ഈ സ്വർഗ്ഗീയദാനത്തെ ഒരു മഹാ നിക്ഷേപംപോലെ പൂജ്യമായി കാത്തു സൂക്ഷിച്ചിരുന്നു. അദ്ദേഹം ഇന്ത്യയിൽവെച്ചു ചെയ്ത ഒരുത്തമം ഇവിടെ പ്രസ്താവയോഗ്യമായിട്ടുള്ളതാണ്. ഒരിക്കൽ വെള്ളത്തിൽക്കൂടി ഒഴുകിവന്ന ബ്രഹ്മാണ്ഡമായ ഒരു തടി കരയ്ക്കു കയറുന്നതിനു രാജാവു തന്നെയും ശ്രമിച്ചിട്ടും സാധിക്കാതെ വന്നപ്പോൾ, വിശുദ്ധ തോമ്മാ സ്വന്തകൈവശം ഉണ്ടായിരുന്ന ഇടക്കെട്ടുകൊണ്ടു അതിനെ ബന്ധിച്ചു സ്ത്രീപുരുഷന്മാരുടെ വരവു നിഷ്പ്രയാസേന വലിച്ചു കരയ്ക്കു കയറ്റി. ഇതു കണ്ടു നിന്നിരുന്ന രാജാവും ജനപുരുഷാരവും അത്ഭുതഭരിതരായി തീർന്നു. പരിശുദ്ധ കന്യകയുടെ ഇടക്കെട്ടു ഇപ്പോഴും തിരുസഭയിൽ മഹാ പൂജ്യതയോടെ അരുളിക്കായിൽവച്ചു വണങ്ങപ്പെടുന്നു. നമ്മുടെ നാട്ടിൽക്കൂടെയും ചില പള്ളികളിൽ പ്രസ്തുത തിരുശേഷിപ്പുണ്ടെന്നുള്ളതും ഇവിടെ പ്രസ്താവയോഗ്യമാണ്. നമ്മുടെ ശ്ലീഹാ തനിക്കു പരിശുദ്ധ മാതാവിന്റെ മേലുണ്ടായിരുന്ന ഭക്തിയെ സ്വന്ത ശിഷ്യരായ ക്രിസ്ത്യാനികളോടു മുഖ്യമായി ഉപദേശിച്ചിരുന്നു എന്നു ചരിത്രത്തിൽ കാണുന്നു. വിശിഷ്യാ മാളിയേക്കൽ തോമ്മാ റമ്പാന്റെ ചരിത്രസംഗ്രഹത്തിൽ, പരിശുദ്ധ മറിയം സകല നന്മകളുടേയും ദാനങ്ങളുടേയും മാതാവാണെന്നും ഉറവയാണെന്നും ശ്ലീഹാ നാട്ടിലെ ക്രിസ്ത്യാനികളെ പഠിപ്പിച്ചു എന്നു സാക്ഷിച്ചിരിക്കുന്നു. മലയാളത്തിൽ മാതാവിന്റെ നാമത്തിൽ ശ്ലീഹാ ഒരു പള്ളി പണിയിച്ചതായി ഒരു പാശ്ചാത്യ ചരിത്രക്കാരൻ എഴുതിയിക്കുന്നു. പി. തോമ്മാ മലയാറ്റൂർ നിന്നു പാലൂരിലേക്കു പോയി മീണ്ടും ഒരുവർഷം കൂടി അവിടെ താമസിച്ചു പള്ളി പണിയിക്കയും വൈദികന്മാരെ നിയമിക്കയും സഭയുടെ നടത്തലിനു വേണ്ട സകല ഏർപ്പാടുകളും ചെയ്തതിൽ ഒടുവിൽ അവരുടെമേൽ രൂഹാദക്കുദേശായുടെ വരങ്ങൾ നൽകുകയും ചെയ്തശേഷം അവിടെ നിന്നു കൊടുങ്ങല്ലൂരിലേക്കു പുറപ്പെട്ടു. അവിടെനിന്നു പറവൂരിലേക്കും കോക്കമംഗലത്തേക്കും കൊല്ലത്തേക്കും നിരണത്തേക്കും നിലയ്ക്കലായ ചായലിലേക്കും പോയി എല്ലായിടത്തും ഓരോവർഷം താമസിച്ചു. പാലൂരിൽ ചെയ്തപോലെ സഭാക്രമങ്ങളെല്ലാം ചട്ടംകെട്ടുകയും ചെയ്തു. നിരണത്തുവച്ചു, മരിച്ച ഒരു പൈതലിനെ ഉയിർപ്പിച്ചതായി പറയപ്പെടുന്നു. അവിടത്തെ അധികാരിയായ തോമ്മാ റമ്പാന്റെ രോഗനിമിത്തം അവിടെയുള്ള സുകൃതജീവിതംകണ്ടു വളരെ സന്തോഷിച്ചു. ചായലിലേക്കു പോയപ്പോൾ അദ്ദേഹത്തെക്കൂടെ കൊണ്ടുപോയി. അവിടെവച്ചു തന്റെ അന്ത്യയാത്രയുടെ കാര്യം ക്രിസ്ത്യാനികളോടു അറിയിക്കയും തദവസരത്തിൽ തന്റെ പിരിയാത്ത രണ്ടും ആദ്യത്തെ പ്രിയ ശിഷ്യനുമായ കേപ്പാഎന്ന രാജകുമാരനെ നിലയ്ക്കൽപള്ളിയിൽവച്ചു സ്വന്ത അങ്കി ധരിപ്പിച്ചു തലയിൽ കൈവച്ചു മലയാളത്തിന്റെ മെത്രാനായി വാഴിക്കയും തന്റെ ജോലിയെ തന്നെപ്പോലെ ഭദ്രമായി നിർവ്വഹിക്കേണമെന്നു ആജ്ഞാപിക്കയുംചെയ്തു. രണ്ടാമത്തെ ഉത്തമശിഷ്യനായ മാളിയേക്കൽ തോമ്മാവൈദികനു റമ്പാനെന്നുള്ള സ്ഥാനവും അയാളുടെ 'പിതൃവഴി'യിൽ പട്ടക്കാരുടെ പിന്തുടർച്ചയും നിശ്ചയിക്കയും താൻ കേരളത്തിൽ ഏവൻഗേലിയോൻ അറിയിച്ചതിന്റെ നിത്യസ്മാരകമായി തന്റെ പക്കലുണ്ടായിരുന്ന മത്തായിയുടെ സുവിശേഷപുസ്തകം അയാളെ ഏല്പിക്കയുംചെയ്തു. വിശുദ്ധ ശ്ലീഹാ അവസാന യാത്ര പറഞ്ഞു പിരികയിൽ കൂടെ ഉണ്ടായിരുന്ന ശിഷ്യഗണങ്ങൾ ദുഃഖാധിക്യത്താൽ അത്യന്തം വിലപിക്കയും ശരീരം തളർന്നു അലസപ്പെടുകയും ഉണ്ടായി. അനന്തരം അവിടെ നിന്നും മലംപ്രദേശത്തുകൂടി പാണ്ടിവഴിക്കു യാത്രതിരിക്കയും പ്രസ്തുത രണ്ടു ശിഷ്യന്മാരും തങ്ങളുടെ ഗുരുവിനെ ഏഴരനാഴികയോളം അനുയാത്രചെയ്കയും ചെയ്തു. അവിടെ നിന്നും ശ്ലീഹാ ദൈവദൂതന്മാരുടെ സഹായത്തോടുകൂടെ ഉരഗദേശങ്ങളിലേക്കു സുവിശേഷം പ്രസംഗിക്കുന്നതിനായി പുറപ്പെട്ടു. ഈ

തു ക്രീസ്തുബ്ദം നൂറ്റാണ്ടിൽ മേടത്തിലായിരുന്നു.

ശ്രീഹാ മലയാളത്തിൽ താമസിച്ച പതിനഞ്ചിൽ പരം വത്സരങ്ങൾക്കിടയിൽ നടത്തിയ കായ്ങ്ങളും ചെയ്ത അത്ഭുതങ്ങളും വളരെ അധികവും വിസ്മയിക്കത്തക്കവയും ആയിരുന്നു. ശ്രോഗിലെ മാർ യാക്കോബുമല്ലാൻ പറയുംവണ്ണം ഈ ശ്രീഹായുടെ ജീവചരിത്രം കടൽപോലെ വിസ്തീർണ്ണമാകുന്നു. മാളിയേക്കൽ റമ്പാൻ ഒന്നാം ശതാബ്ദത്തിൽ തന്നെ എഴുതിയ ശ്രീഹായുടെ ചരിത്രം നാട്ടിൽ ഉണ്ടായിരുന്നു. ഇതിനെപ്പറ്റി നാട്ടുകാർ മാത്രമല്ല ൧൯-ാം നൂറാണ്ടിൽ ഇവിടെ വന്ന പോർത്തുഗീസുകാർക്കുടെയും സാക്ഷിക്കുന്നു. നന്നാ പുരാതനമായ ശ്രീഹായുടെ ചരിത്രഗ്രന്ഥങ്ങൾ അവർ നാട്ടിൽ കണ്ടതായും തങ്ങളുടെ വിശുദ്ധ പിതാവിന്റെ സ്തുതികളെ സംഗീതങ്ങളായി ഉണ്ടാക്കി കുട്ടികളെ പഠിപ്പിച്ച വന്നിരുന്നതായും ഇന്ത്യാ ചരിത്രത്തിൽ മഫെയി എന്ന ഈശോസഭാ ചരിത്രകാരൻ എഴുതിയിരിക്കുന്നു. നിരണത്തുപള്ളിയിലുണ്ടായിരുന്ന പ്രസ്തുത ചരിത്രത്തെ ൧൭൦൯-ാമാണ്ടു കർക്കടകമാസം ൧൯-ാംനു- ടി. മാളിയേക്കൽ റമ്പാന്റെ കുടുംബത്തിൽപെട്ട നാല്പത്തെട്ടാമത്തെ വൈദികന്റെ കാലത്തിൽ സംക്ഷേപിച്ചു സാധാരണക്കാരുടെ ഉപയോഗത്തിനായി മലിതമാഷയിൽ എഴുതി ശ്രീഹായിക്കു സമർപ്പിച്ചിട്ടുള്ളതാണ്. ഈ സംഗ്രഹത്തിൽ പറഞ്ഞിരിക്കുംവണ്ണം താൻ ചെയ്ത അത്ഭുതങ്ങളുടെയും മറ്റും സംഖ്യ മാത്രം ഇവിടെ കാണിക്കുന്നു.

മരിച്ചവരെ ഉയർപ്പിച്ചതു- ൨൯,
പിശാചുബാധ ഒഴിച്ചതു- ൨൯൦,
കുഷ്ഠരോഗം സുഖപ്പെടുത്തിയതു- ൨൯൦,
കുരുടന്മാർക്കു കാഴ്ച നൽകിയതു- ൨൫൦,
കൈകാൽകൾ ശോഷിച്ചവരെ
സുഖപ്പെടുത്തിയതു- ൨൨൦,
ഊമകൾക്കു സംസാരം നൽകി- ൨൦,
അസാദ്ധ്യ രോഗങ്ങൾ സുഖപ്പെടുത്തി- ൨൧൦,
യൂദന്മാരിൽ നിന്നും ബ്രാഹ്മണർ
മുതലായ ഉയർന്ന ജാതിയിൽ നിന്നും മനസ്സു തിരിപ്പിച്ചവർ- ൧൭൨൦,
പെരുമാൾ രാജാക്കന്മാരെ മെത്രാന്മാരായി നിയമിച്ചതു- ൨,
ഗുഹാപ്രേമാണികളിൽ നിന്നു ഗുരുപ്പട്ടക്കാരാക്കിയതു- ൭,
വേദശാസ്ത്രികളായി റമ്പാന്മാരുടെ സ്ഥാനം നൽകിയതു- ൯,
പള്ളിമുതൽ വിചാരിപ്പുകാരായി നിയമിച്ച ശ്ലൂഹക്കന്മാർ- ൨൫,

ഇതിനും പുറമെ മറനേകം ചട്ടങ്ങളും ഈ പിതാവു നിയമിച്ചിട്ടുണ്ടായിരുന്നു. താൻ നിയമിച്ച അധികാരികൾ അവയെല്ലാം പൂർണ്ണമായും ശരിയായും നടത്തിയതിനാൽ ഇന്ത്യയിലെ സഭ വിശ്വാസത്തിലും പരിശുദ്ധതയിലും മറ്റെല്ലാ പുണ്യങ്ങളിലും അത്യുജ്ജ്വലമാംവണ്ണം ശോഭിച്ചിരുന്നു. മൈലാപ്പൂരിലെപോലെ മലയാളത്തിലും ഏകസത്യദേവിക്കുള്ള പുണ്യസാംഗോപാംഗത്തിനു ശ്രമിച്ചിരുന്ന വളരെ സന്ന്യാസികളും കന്യാസ്ത്രീകളും ഉണ്ടായിരുന്നുവെന്നും ചില ചരിത്രലക്ഷ്യങ്ങൾകൊണ്ടു തെളിയുന്നു. മുൻ പ്രസ്താവിച്ച കന്യകയും വേദത്തെപ്രതി മരണംപ്രാപിച്ചയാളുമായ കൊടുങ്ങല്ലൂർ രാജകുമരിയെ കൂടാതെ മൈലാപ്പൂരിലും മലയാളത്തിലും അസംഖ്യം അല്മക്കൾ വേദത്തെപ്രതി കൊല്ലപ്പെട്ടതിനാൽ അക്കാലത്തിൽ ഇൻഡ്യായിലെ സഭ വിശ്വാസത്തിൽ എത്രമാത്രം വിളങ്ങിയിരുന്നുവെന്നു ഗ്രഹിക്കുവുന്നതാണ്. ഇതു പി. അപ്രേമിന്റെ സാക്ഷികൊണ്ടു ഉചിതമാംവണ്ണം സ്ഥിരീകരിക്കപ്പെടുന്നു.

നി. വ. ദിവ്യശ്രീ മെഡ്ലിക്കോട്ട മെത്രാനച്ചൻ അച്ചടിച്ചു പ്രസിദ്ധീകരിച്ച 'India and the Apostle Thomas' എന്ന വിശ്രുത പുസ്തകം Pag. 26-32. ഇപ്രകാരം പറയുന്നു.

Blessed art thou whom the Great King hath sent, that India to his one be gotten thou shouldst espouse: above Snow and linen white, thou the dark bride didst make fair.

Blessed art thou who the unkempt hast adorned, that having become beautiful and ra-

diant, to her spouse she might advance.

.....

A dark night then India's land enveloped, Like the sun's ray Thomas did dart forth: There he dawned and her illumined.

.....

The Client of Thomas needs not men his praises to sing:

Great is the Crowd of his martyred followers.

.....

Thomas praises arewell known the result of his apostolate is attested by his martyred followers.

വിശുദ്ധ തോമ്മാ നിരണത്തുകാരനായ തോമ്മാ റമ്പാനെ ഏല്പിച്ചുപോയ സുവിശേഷ പുസ്തകത്തെപ്പറ്റി മുൻ പറഞ്ഞിട്ടുണ്ടല്ലൊ. അദ്ദേഹം കേരളത്തിൽ വേദം പ്രസംഗിച്ച എന്നുള്ളതിനു ടി. പുസ്തകം താഴെ പറയുംവണ്ണം ഒരു ഉത്തമ ലക്ഷ്യമായി തീർന്നു. ഇവിടെ വേദ ഞെരുക്കം ഉണ്ടായ കാലത്തിൽ ബ്രാഹ്മണരുടെ കയ്യുക്തികളെ തടുക്കുന്നതിനായി അന്നു കീർത്തിപ്പെട്ട അലെക്സാന്ത്രിയായിലെ വേദശാസ്ത്രാലയത്തിലേക്കു ഇവിടെ നിന്നു പ്രതിനിധികളെ അയച്ചുപേക്ഷിച്ചതനുസരിച്ചു അവിടത്തെ ശാസ്ത്രികളുടെ അഗ്രേസരനായിരുന്ന വിശുദ്ധ പന്തെനോസ് അതീവ തീഷ്ണതയോടെ ഉടനെ പുറപ്പെട്ടു കപ്പൽ മാർഗ്ഗം മലയാളത്തിൽ വന്നു. ഇതു മൂന്നാം ശതാബ്ദത്തിന്റെ തുടക്കത്തിൽ സംഭവിച്ചതത്രെ. അദ്ദേഹം നിരണത്തു പള്ളിയിൽ ചെന്നപ്പോൾ അവിടെ വളരെ പൂജ്യമായി കാക്കപ്പെട്ടിരുന്ന മേല്പറഞ്ഞ മത്തായിയുടെ സുറിയാനി സുവിശേഷം കാണുന്നതിനിടയായി. ഈ സംഗതി വിശുദ്ധ ഈരാനിമോസിന്റെയും എവുസെബിയോസിന്റെയും ചരിത്രകൃതികളിൽ സാക്ഷിക്കുന്നുണ്ട്.

എന്നാൽ ഈ സംഗതിയിൽ മാത്തോമ്മാ എന്നും ബർത്തൊലോമാ എന്നും ഉള്ള പേരുകളുടെ ശബ്ദതുല്യതനിമിത്തമൊ, കയ്യെഴുത്തുകാരുടെ സൂക്ഷക്കുറവു കൊണ്ടൊ മറ്റൊ ഒരു പിശക വന്നിട്ടുണ്ട്. അതായതു്, മാത്തൊ ശ്ലീഹാ വച്ചുപോയ സുവിശേഷപുസ്തകം എന്നതിനു പകരം ബർത്തൊലോമാ ശ്ലീഹാ വച്ചുപോയ സുവിശേഷ പുസ്തകം എന്നു പറഞ്ഞിരിക്കുന്നു. ഇങ്ങനെയുള്ള പിശക മേല്പറഞ്ഞപ്രകാരം സംഭവിച്ചതായി പല ഉദ്ധരണങ്ങളുണ്ട്. ഉദാ മാനെസിന്റെ ശിഷ്യനായ തോമ്മാ യൂദെയായിൽ പോയി എന്നതിനു പകരം ഇന്ത്യായിൽ പോയി എന്നും- ഉറഹായിൽ അന്ത്രെശ്ലീഹാ വേദം അറിയിച്ചു എന്നതിനു പകരം അവിടെ തന്നെശ്ലീഹാ അറിയിച്ചു എന്നും- കയ്യാറിൽ മെത്രാന്നു റോമായിൽ നിന്നു കൊടുത്ത സാക്ഷിപത്രത്തിന്റെ ചില കയ്യെഴുത്തുപകർപ്പുകളിൽ അലങ്ങാട്ട എന്നതിനു പകരം മങ്ങാട്ട എന്നും എഴുതിയിരിക്കുന്നതായി കാണുന്നു. ക്രൂടാതെ വിശുദ്ധ ബർത്തൊലോമാ ശ്ലീഹാ ഇന്ത്യായിൽ വന്നതായി ഇതല്ലാതെ വേറൊരു സാക്ഷിയുള്ളതായി അറിയുന്നില്ല. എന്നാൽ ന. തോമ്മാശ്ലീഹാ ഇന്ത്യയിൽ വന്നതായി അസംഖ്യം സാക്ഷികളുണ്ട്. കടശിയായി, പ്രസ്തുത സുവിശേഷം ശ്ലീഹായിൽ നിന്നു മേടിച്ച തോമ്മാ റമ്പാൻതന്നെ സ്വയം, കാലം ഇത്യാദി സകല വിവരങ്ങളോടുകൂടെ തന്റെ ചരിത്രത്തിൽ വ്യക്തമായി ഈ സംഗതി പറഞ്ഞിരിക്കുന്നു.

ഫാ. ൨

അപേക്ഷയുടെ ഫലം.

അപേക്ഷ എന്നതു, ലൌകികവും ആത്മികവുമായിട്ടുള്ള സകല നന്മകളും പ്രാപിക്കുന്നതിനുള്ള തെറ്ററ്റാത്ത പോംവഴിയാണെന്നുള്ളതു സുബോധമുള്ള സകലരും സമ്മതിക്കുന്ന ഒരു സംഗതിയാണ്. സാധാരണ ഭക്തിയുള്ളയാളുകൾ നിരന്തരമായി ഈ ജ്ഞാനാഭ്യാസം നടത്തിവരുന്നുണ്ട്. എന്നാൽ ചിലർ എത്രയും ആവശ്യപ്പെട്ട ഈ അഭ്യാസത്തിൽ ഉദാസീനരും അജാഗ്രതക്കാരുമായി കാണപ്പെടുന്നു. ഇതിനു ഇവർ പറയുന്ന ഒഴിവുകളിൽ ഒന്നു, പലപ്പോഴും

അപേക്ഷിക്കുന്ന അനുഗ്രഹങ്ങൾ കിട്ടുന്നില്ലെന്നാണ്. ഇതു ചിലപ്പോൾ സത്യംതന്നെ ആയിരിക്കും. ഇപ്രകാരം അപേക്ഷകൾ സാദ്ധ്യമാകാതെ നിഷ്ഫലമായി തീരുന്നതിനു കാരണമെന്തെന്നാണ് ഇപ്പോൾ നാം ആലോചിക്കേണ്ടതു്.

പൊതുവായി ജ്ഞാനഗുരുക്കളുടെ പഠനം, അപേക്ഷിക്കുന്നവനിലുള്ള മനോവിശ്വാസക്കുറവാണ് അപേക്ഷ നിഷ്ഫലമായി തീരുന്നതിനു കാരണം എന്നാണു. ന. കത്താവു തന്നെയും അപേക്ഷയുടെ പ്രത്യേക ലക്ഷണമായി പഠിപ്പിക്കുന്നതു ഈ മനോവിശ്വാസത്തെ തന്നെയാണ്. എങ്ങനെയെന്നാൽ 'നിങ്ങൾ അപേക്ഷിക്കുന്നതെല്ലാം നിങ്ങൾക്കു കിട്ടുമെന്നു വിശ്വസിപ്പിൻ; എന്നാൽ നിൽക്കു കിട്ടും'. എന്നു മക്കോസ് ഏവൻഗേലീസ്റ്റായുടെ അറിയിപ്പിൽ ൧൧ാം അദ്ധ്യായത്തിൽ അരുളിചെയ്തിരിക്കുന്നു. ഇപ്രകാരം മറ്റു പല സ്ഥലങ്ങളിലും അവിടുന്നു പഠിപ്പിച്ചിട്ടുണ്ട്.

ഇതു താഴെ വിവരിക്കുന്ന സംഭവംകൊണ്ടുതന്നെ തെളിവാകും. എങ്ങനെയെന്നാൽ യൂറോപ്പിൽ പല കത്തോലിക്കാ രാജ്യങ്ങളിലും, പട്ടണങ്ങളുടെ തെരുവുകളിലും വഴികളിലും മൈതാനങ്ങളിലും മറ്റും ചില ചെറിയ കപ്പേളകളും പീഠങ്ങളും അവകളിൽ ദേവമാതാവിന്റെയും പൊതു മദ്ധ്യസ്ഥന്മാരായ ചില പുണ്യവാന്മാരുടെയും രൂപങ്ങളും കാണാം. യാത്രക്കാരും പ്രത്യേകം സാധുക്കളായ കൃഷിക്കാർ, വേലക്കാർ മുതലായവരും ആ സ്വരൂപങ്ങളുടെ മുമ്പാകെ മുട്ടുകുത്തി പ്രാർത്ഥിക്കയും പതിവാണ്.

ഏതാനും സംവത്സരങ്ങൾക്കു മുമ്പു, ഇത്താല്യ രാജ്യത്തിൽ ചുരുക്കം ചില വീടുകൾ മാത്രമുള്ള ഒരു ഗ്രാമത്തിൽ മനോവിശ്വാസമുള്ളതും പരമാർത്ഥപ്പെട്ടതുമായ അപേക്ഷയുടെ ഫലം പ്രത്യക്ഷപ്പെട്ടുന്ന ഒരു സംഭവമുണ്ടായി. എങ്ങനെയെന്നാൽ നാട്ടുവഴിയിൽ നിന്നു കുറെദൂരം കടിയില്ലാത്ത ഒരു സ്ഥലത്തു ഒരു ചെറിയ മൈതാനത്തിൽ, മുൻപറഞ്ഞ വിധത്തിലുള്ള ഒരു ചെറിയ കപ്പേളയും അതിലെ പീഠത്തിന്മേൽ ഉണ്ണിമ്ശിഹായുടെ ഒരുരൂപവുമുണ്ടായിരുന്നു. ഒരു ദിവസം വൈകുന്നേരം ഏകദേശം പത്തു വയസ്സുള്ള ഒരു പൈതൽ കാട്ടിൽനിന്നു പലതരം പുഷ്പങ്ങൾ പറിച്ചുകൊണ്ടുവന്നു് ആ പീഠത്തിന്മേൽ വെച്ചുശേഷം പീഠത്തിന്മേൽ ചാടികയറിയിരുന്നുകൊണ്ടു ഏറ്റവും പുഷ്പങ്ങൾ എടുത്തു ഒരു മുടിയാക്കി കെട്ടി ഉണ്ണി രൂപത്തിന്റെ തലയിൽ വെച്ചു കുറെ പൂക്കളെടുത്ത ഒരു മാലയുണ്ടാക്കി രൂപത്തെ അണിയിച്ചു. ശേഷമുള്ളതു രൂപത്തിന്നു ചുറ്റും വെച്ചു് അലങ്കരിച്ചശേഷം പീഠത്തിൽനിന്നു ചാടിയിറങ്ങി മുട്ടുകുത്തി ഇപ്രകാരം അപേക്ഷിച്ചു. 'എന്റെ ഉണ്ണി ഈശോയെ! എന്റെ അമ്മയെ സഹായിക്കേണമെ– അപ്പൻ മരിച്ചതിൽപിന്നെ അമ്മയ്ക്കു വലിയ ഞെരുക്കമാണ്'– വലിയ സങ്കടമാണ്'– അമ്മയെ സന്തോഷിപ്പിക്കേണമെ– സഹായിക്കേണമെ'. ഈ അപേക്ഷയുടെ ശേഷം ഏഴുന്നേറ്റു, നേരം അസ്തമിക്കാറായതു കണ്ടു കുറെ ഭയന്നു, 'വാവായുടെയും പുത്രന്റെയും റൂഹാദക്കുദശായുടെയും നാമത്താലെ' എന്നു ചൊല്ലി ഒരു വലിയ കുരിശും വരച്ചു ഓടുവാൻ തുടങ്ങി (എന്തെന്നാൽ പല അന്യായങ്ങൾ ചെയ്യുവന്നിരുന്ന ഒരു കള്ളൻ ആ കാട്ടുപ്രദേശത്തു സഞ്ചരിച്ചിരുന്നു.) കുറെ അകന്നപ്പോൾ ഒരു രാക്ഷസൻ ഒരു വലിയ തോക്കും തോളിൽ വെച്ചുകൊണ്ടു ഒരു കാട്ടിന്റെയിടയിൽക്കൂടെ മാറുന്നതു കണ്ടു അവൻ അന്ധാളിച്ചുനിന്നുപോയി. കുറെ കഴിഞ്ഞ ശേഷം മറ്റു നിവ്വാഹമൊന്നുമില്ലാഞ്ഞതിനാൽ വലിയ പേടിയോടുകൂടെ പാത്തും പതുങ്ങിയും അങ്ങുമിങ്ങും നോക്കിയുംകൊണ്ടു പീടിൽ ചെന്നുപറഞ്ഞു. മുറ്റത്തു കയറിയപ്പോൾ കണ്ടകെല്ലാം അടച്ചുകിടക്കുന്നതു കണ്ടു. അടുത്തു ചെന്നപ്പോൾ മുറിക്കകത്തു അമ്മയുടെ നെടുവീർപ്പും താഴ്ന്ന സ്വരത്തിലുള്ള കരച്ചിലും കേട്ടു. പൈതൽ പതുക്കെ പതുക്കെ നടകയറി മുറിയുടെ വാതിൽപ്പുറത്തു ചെന്നപ്പോൾ വലിയ ഒരു തോക്കു വാതിൽപ്പുറത്തു ചാരിയിരിക്കുന്നതും വാതിലിന്റെ വിടവിൽ

ക്ഷിച്ചുനോക്കുന്നതായാൽ, ആ കുട്ടിയുടെ പരമത്പ്പെട്ട അപേക്ഷ ഏതുപ്രകാരവും ഫലസിദ്ധിയുള്ളതായി എന്നു ഗ്രഹിക്കുവാൻ അധികം സംഗതിയുണ്ടാകും. ഇതു അപത്തുള്ള സന്ദർഭത്തിൽ ആ ചെറിയ കുട്ടി ഇതു വിവേകത്തോടും ബുദ്ധിയോടുംകൂടെ ഈ കാര്യമെല്ലാം നടത്തിയതു അവന്റെ തനതു സാമർത്ഥ്യമെന്നു വിചാരിപ്പാൻ പാടുണ്ടോ?

ഫ. ഫ. ഫ.

പി. തോമ്മാമല്പാൻ.

(തുടർച്ച.)

ഈ വാർത്ത തന്റെ അമ്മയായ തെയോദോറാ പ്രേഷ്ടി കേട്ടമാത്രയിൽ തപോധനന്റെ ദീർഘദർശനവാക്യം നിവൃത്തിയായെന്നുകണ്ടു സന്തോഷാതിരേകത്താൽ തന്റെ പുത്രനെ അഭിനന്ദിക്കുന്നതിനായി നേപ്പുൽസിലേക്കു തിരിച്ചു. ഈ സന്ദർശനത്തിന്റെ അന്തരം അറിഞ്ഞിട്ടില്ലായിരുന്ന തോമായുടെ സന്ന്യാസി സഹോദരന്മാർ തന്റെ അപേക്ഷാനുസാരം നൊവിസ്യാത്തു റോമയിലെ സന്ത സബീന എന്ന ആശ്രമത്തിലേക്കു മാറി. തന്റെ മാതാവു അറിയാതെയും പിൻതുടർന്നു എങ്കിലും തന്നെ കാണുന്നതിനു സാധിച്ചില്ല. സഭയുടെ ജനറാൽ പാരീസുപട്ടണത്തിലേക്കു പോകുന്നതിനു നിശ്ചയിച്ചിരുന്നതിനാൽ തോമ്മായെയും മൂന്നു കൂട്ടുകാരെയും അദ്ദേഹത്തിന്റെ കൂടെ കൊണ്ടുപോയി. ഇപ്രകാരം തന്റെ ശ്രമം നിഷ്ഫലമായെന്നു കണ്ടുകയാൽ തെയോദോറാ പ്രേഷ്ടി അത്യന്തം കോപിതയായി, തോമ്മായെ വഴിയിൽവച്ചു തടഞ്ഞു ഗൃഹത്തിൽ കൊണ്ടുവരുന്നതിനു് ഇത്താല്യായിൽ രാജസൈന്യത്തിൽ ചേർന്നിരുന്ന തന്റെ ഇരുപുത്രന്മാരോടു ആജ്ഞാപിച്ചു. ഈ ഇരുപടയാളികൾ തോമ്മായെ മാർഗ്ഗനിരോധംചെയ്തു പിടിച്ചു വസ്ത്രങ്ങൾ ചീന്തിക്കളയുന്നതിനു ഭാവിച്ചുകിലും താൻ ധൈര്യസമേതം തടുത്തുനിന്നു. പിന്നീടു അവർ അപ്രകാരം ചെയ്യുന്നതിനു ശ്രമിച്ചതുമില്ല. ഇങ്ങനെ

ക്രൂടെ അകത്തോട്ടു നോക്കിയപ്പോൾ, മുമ്പു കൂട്ടിൽവച്ചു കണ്ട രാക്ഷസൻ അകത്തു ക്രൂരഭാവത്തിൽ നില്ക്കുന്നതും അമ്മ അവന്റെ മുമ്പാകെ മുട്ടുകുത്തി നില്ക്കുന്നതും കണ്ടു. 'നിന്റെ കെട്ടിയവൻ ചെച്ചിരുന്ന നിക്ഷേപങ്ങൾ അവൻ മറിച്ചപ്പോൾ നിനക്കു കിട്ടി- അതെല്ലാം ഇങ്ങോട്ടു താ' എന്നു അവൻ പറഞ്ഞിരുന്നു. അതിനു അമ്മ 'ഇതു വ്യർത്ഥമാനമാണ് — ഇതിൽ ഒന്നും കിട്ടിയിട്ടില്ല. എന്റെ വേലകൊണ്ടു നടക്കാഞ്ഞിട്ടു വീട്ടിലുണ്ടായിരുന്ന സാമാനങ്ങൾ ഓരോന്നു വിറ്റാണ് ഞാൻ കഴിഞ്ഞുപോരുന്നതു — ദൈവത്തെപ്രതി എന്നോടൊന്നും ചെയ്യല്ലേ- എന്റെ പക്കലൊന്നുമില്ല.' എന്നു കരഞ്ഞുകൊണ്ടു പറഞ്ഞിരുന്നു. അപ്പൊഴേക്കു ഒന്നും മിണ്ടാതെ അതോക്കും എടുത്തുംകൊണ്ടു താഴെയിറങ്ങി അതൊരു കൂട്ടിൽ മറച്ചു ശേഷം പറമ്പിന്റെ വേലി ചാടി സമീപമുണ്ടായിരുന്ന വീട്ടിൽ ചെന്നു. അവിടെ ആരുമുണ്ടായിരുന്നില്ല. ഏതാനും ദിവസങ്ങൾക്കു മുമ്പു അവന്റെ അമ്മ കഴിച്ചിലിന്നു നിവൃത്തിമില്ലാഞ്ഞിട്ടു ആ വീട്ടുകാരുന്ന വിറ്റു കുറെ പട്ടികളെ പൂട്ടിയിട്ടിരിക്കുന്നതുകണ്ടു് അവകളെ അഴിച്ചുംകൊണ്ടു വീട്ടിൽ ഓടിവന്നു മുമ്പിലത്തെപ്പോലെ ഒട്ടും സ്വരം കേൾപ്പിക്കാതെ മുക്കളിൽ കയറിച്ചെന്നു പെട്ടെന്നു വാതിൽ തുറന്നു പട്ടികളെ അകത്തോട്ടു വിട്ടു. പട്ടികളുടെ അവരുടെ പഴയ നാഥയുടെ ഭാവവും കരച്ചിലും കള്ളന്റെ നിലയും കണ്ടു ചാടിവീണു കള്ളനെ പിടിത്തവുംകൂടി. ഇതിന്നിടയ്ക്കു പാവപ്പെട്ട സ്ത്രീ പുറത്തു ചാടി രക്ഷപെട്ടു. പൈതലോ പുറത്തിറങ്ങി നിലവിളിയും തുടങ്ങി. ഇതുകേട്ടു ആളുകൾ ഓടിവന്നപ്പോൾ പട്ടികൾ രണ്ടും കൂടെ കള്ളനെ മുറിക്കു പുറത്തിറങ്ങുന്നതിന്നിടകൊടുക്കാതെ ആ മുറിയിൽ തന്നെ ഇട്ടു കടിച്ചിരുന്നു. അല്പം കഴിഞ്ഞപ്പോൾ പോലീസുകാരും വന്നു. പൈതൽ സംഗതിയെല്ലാം അവരോടു പറഞ്ഞറിയിക്കയും അവൻ ഒളിച്ചുവെച്ച തോക്കു കാണിച്ചുകൊടുക്കയും ചെയ്തു. ഈ സംവേത്തിന്റെ വിവരപാടുകൾ സൂ

ബാല്യനായ തോമ്മായെ ഒക്കാസെക്കായിലുള്ള അവന്റെ മാതാപിതാക്കന്മാരുടെ അടുക്കലേക്കു കൂട്ടിക്കൊണ്ടു പോയി.

തോമ്മായെ ഫി. ദൊമ്നിക്കോസിന്റെ സഭയിൽ ക്രൂട്ടരുതെന്ന് തന്റെ മാതാവു നിശ്ചയിച്ചു. തന്റെ പിതാവു തന്നെ ഒരു ഫൈനദിക്കോസ് സന്യാസി ആക്കുന്നതിനും അതുനിമിത്തം ഒരിക്കൽ മോൺടെ കസ്സീനോയുടെ അബ്ബാത്ത ആയി കൊണ്ടുന്നതിനും ആഗ്രഹിച്ചിരുന്നു. നമ്മുടെ ചെറുബാലന്റെ ഹൃദയത്തെ ഈ അഭിപ്രായത്തോടു യോജിപ്പിക്കുന്നതിനു സാമദാനഭേദങ്ങൾ വിഫലീഭവിച്ചെന്നു കാണുകയാൽ കടശി ദണ്ഡോപായം പ്രയോഗിച്ചു തന്നെ ഒരു തടവുകാരനായി താമസിപ്പിച്ചു. മറീത്തായെന്നും തെയോദോറായെന്നും പേരുള്ള രണ്ടു പ്രിയ സഹോദരികൾ തന്നെ തന്റെ അമ്മയുടെ അഭിപ്രായത്തോടു യോജിപ്പിക്കുന്നതിനു നാനാപ്രകാരേണ ശ്രമിച്ചു എങ്കിലും അവരെയും വിശുദ്ധജീവിതം കഴിക്കുന്നതിനു ആകർഷിച്ചു. ഇവരിൽ ഒരാൾ ഒരു ഫൈനദിക്കോസ് കന്യാസ്ത്രീമഠത്തിന്റെ അബ്ബാത്ത അമ്മയായിരിക്കുമ്പോഴും മറാവൽ വിവാഹാനന്തരസ്ഥിതിയിൽ സാൻസഫീനോപ്രഭു എന്ന ഉൽകൃഷ്ടപദത്തിൽ ആയിരിക്കുമ്പോഴും ഭാഗ്യമരണം പ്രാപിച്ചു. ഇവരുടെ സഹായംമൂലം തോമ്മായ്ക്കു നേപ്പിൾസിലെ തന്റെ സഹോദരന്മാരുടെ അടുക്കൽ നിന്നു പുസ്തകങ്ങൾ പ്രസ്താവങ്ങൾ മുതലായവ ലഭിച്ചുവന്നു. ഒരുപ്രാവശ്യത്തിലധികം ദീർഘിച്ച തടവുസ്ഥിതിയിൽ വേദപുസ്തകവും അക്കാലത്തെ തിയോളജിയാ പുസ്തകമായിരുന്ന പിധിയെക്കുറിച്ചുള്ള അഞ്ചു പുസ്തകങ്ങളും മനഃപാഠമാക്കി. തന്റെ അത്ഭുതകൃതികൾ ഈ സമയം രചിക്കപ്പെട്ടതാണെന്നാണ് പറയപ്പെടുന്നത്.

സഹോദരന്മാരുടെ ആഗമനത്തോടുകൂടി തോമായുടെ മനോനിശ്ചയത്തെ കുറെക്കൂടി ഭയങ്കരമായ പിധത്തിൽ പരീക്ഷിക്കുന്നതിനു അവർ നിശ്ചയിച്ചു. അവരുടെ ഉദ്യോഗസ്ഥന്മാരും സന്മാർഗ്ഗഭ്രഷ്ടനത്തിന്റെ ദുഷ്ടസന്താനമായ ഒരു സ്ത്രീയെ തന്റെ മുറിയിൽ ആക്കുന്നതിനു നിശ്ചയിച്ചു. എന്നാൽ നമ്മുടെ പുണ്യവാൻ തൽക്ഷണം അടുപ്പിൽ നിന്നു വലിച്ചെടുത്ത ഒരു എരിയുന്ന രീ കൊള്ളികൊണ്ട് അവളെ ഓടിച്ചു പുറത്താക്കുകയാണുണ്ടായത്. അനന്തരം താൻ ആ കൊള്ളികൊണ്ടുതന്നെ ചുവരിന്മേൽ കുരിശിന്റെ ആകൃതിയിൽ വരച്ചുകൊണ്ടു അതിന്റെ മുമ്പിൽ മുട്ടുകുത്തി കന്യാവ്രതത്തിൽ നിലനിൽക്കുന്നതിനുള്ള മനോഗ്രണം ദൈവത്തോടു പേക്ഷിച്ചു തുടങ്ങി. ഇതിന്റെ മദ്ധ്യത്തിൽ രണ്ടു മാലാഖാമാർ തനിക്കു ദർശനമായി ഒരു കച്ചകൊണ്ടുതന്നെ ബന്ധിക്കയും "നിന്നെ കന്യാവ്രതത്തിലുള്ള നിലനിൽപിന്റെ കയറാൽ ബന്ധിക്കുന്നതിനു ഞങ്ങൾ ദൈവത്താൽ നിയോഗിക്കപ്പെട്ടവരാണ്, കർത്താവ് നിന്റെ അപേക്ഷയെ കേട്ടിരിക്കുന്നു. മനുഷ്യർക്കു ലഭിക്കുന്നതിനു യോഗ്യതയില്ലാത്തതിനെ ദൈവം സ്വകരുണയാൽ നിനക്കു തന്നിരിക്കുന്നു" എന്നറിയിച്ചു കൊണ്ടു അപ്രത്യക്ഷരാകയും ചെയ്തു. മാലാഖാമാർ തന്നെ ബന്ധമായി ബന്ധിച്ചതു നിമിത്തം ഉച്ചത്തിൽ നിലവിളിച്ചതിനെ കേട്ടു കുറെ പരിചാരകന്മാർ അപ്പോൾതന്നെ ഓടി എത്തി. എന്നാൽ തോമാ തനിക്കു സംഭവിച്ചതിനെ കുടുംബസ്നേഹക്കാരനായിരുന്ന തെയിനാൾഡ് അച്ചനോടു മരണകിടക്കയിൽ വച്ചു വെളിപ്പെടുത്തിയതല്ലാതെ മറാരോടും പറഞ്ഞിട്ടില്ല. ആ സമയം മുതൽ അന്ധകാരത്തിന്റെ അരൂപി തന്റെ അടുക്കൽ അടുക്കുന്നതിനു അനുവദിച്ചിട്ടില്ലെന്നു അദ്ദേഹം തന്നെ സാക്ഷിക്കയും ചെയ്യുന്നു. പ്രസ്തുതകയറു നമ്മുടെ പുണ്യവാൻ തന്റെ മരണംവരെ ധരിച്ചിരുന്നു എന്നു മാത്രമല്ല ഇപ്പോഴും പീഡിമോൺടിലെ ക്വെയറി കൊവേന്തയിൽ സൂക്ഷിക്കപ്പെട്ടുകയും ചെയ്യുന്നു.

(തുടരും.)

Br. E. C. J.

ചില നിശ്ചയങ്ങൾ.

ദിവസത്തിൽ പലപ്രാവശ്യം അഥവാ ഒരിക്കൽ മാത്രം എന്നു ക്ലിപ്തപ്പെ

ടുത്തപ്പെടാതെ വല്ല നമസ്കാരങ്ങൾക്കോ ഭക്തികൃത്യങ്ങൾക്കോ കല്പിക്കപ്പെട്ട അപൂർണ്ണദണ്ഡവിമോചനങ്ങൾ ആ നമസ്കാരം അഥവാ ഭക്തികൃത്യം ഏതു പ്രാവശ്യം ചെയ്യപ്പെടുന്നുവോ അതുപ്രാവശ്യം പ്രാപിക്കാവുന്നതാണ്. (Pius X. 25. June 1914.)

ഏതെങ്കിലും ദണ്ഡവിമോചനം പ്രാപിക്കുന്നതിനു എട്ടു ദിവസം മുമ്പു കഴിച്ചു കുമ്പസാരം മതിയായിരിക്കുന്നു. കുമ്പസാരക്കാരൻ വേറെ വിധത്തിൽ നിശ്ചയിക്കേണ്ട ആവശ്യം ഇപ്പോൾ ദണ്ഡവിമോചനം കൈക്കൊള്ളുന്ന ദിവസം കുമ്പസാരിച്ചെ കഴിവു എന്നില്ല. (Pius X. 23. April 1914.)



തിരുഹൃദയ ഭക്തന്മാർ

ഫെബ്രു മകരമാസത്തിൽ വെക്കേണ്ട

പൊതുക്കരുതൽ.

"ജപ അപ്പൊസ്തോലാത്തുസ് സഭ കത്തോലിക്കാ വിശ്വാസികളിൽ വർദ്ധിക്കണമെന്നുള്ളതാണ്."

കത്തോലിക്കർ ഈ കാലത്തു സാക്ഷാൽ ദൈവികമായുള്ള സത്യതയുടെ ബന്ധനത്താൽ യോജിക്കപ്പെട്ടിരിക്കുന്നതു വളരെ സംതൃപ്തിയുള്ളതാണ്. ഈ ഒന്നിപ്പു വേണ്ടുവോളത്തിൽ ശ്രദ്ധ ഇല്ലാത്തവരിലും മതിമതിലും അറിവില്ലാത്തവരിലും ആണ് മുഖ്യമായി വേണ്ടതു്. സ്ത്രീകൾക്കും പുരുഷന്മാർക്കും ധനവാന്മാർക്കും മതിക്കും അറിവുള്ളവർക്കും ബുദ്ധിഹീനർക്കും സുഖമുള്ളവർക്കും രോഗികൾക്കും പ്രൂട്ടുകൾക്കും എളിയ ജനങ്ങൾക്കും എല്ലാവർക്കും ചേരാൻ തക്ക ഒരു സത്യതയാണു ജപ അപ്പൊസ്തോലാത്തുസ് സഭ. ഇതിന്റെ കടമ സാധാരണയായുള്ളതും സാരതരമായതുമാണ്. നമ്മെ ഇല്ലായ്മയിൽ നിന്നു സൃഷ്ടിക്കയും നമ്മെ രക്ഷിപ്പാൻവേണ്ടി ഒരു തൊഴുത്തിൽ ഉണ്ണിയായി പിറക്കയും രക്തമെല്ലാം ചിന്തി കഠിനപാടുകൾ അനുഭവിച്ചു മഹാ അപമാനത്തോടെ നമ്മെപ്രതി മരിക്കയും ചെയ്തതു മാത്രമല്ല നമുക്കുവേണ്ടി ബലിപീഡത്തിൽ അപ്പമായി തീരുകയും ചെയ്തിരിക്കുന്ന ഈ മിശിഹായുടെ തിരുഹൃദയത്തെ ആർ സ്നേഹിക്കാതിരിക്കും? ഇതുവലിയസ്നേഹത്തിൻ പ്രതിക്രിയയായി നമ്മുടെ പ്രതിദിന പ്രവൃത്തികളെയും നാം അനുഭവിക്കുന്ന പാടുപീഡകളെയും ശുദ്ധ നിയോഗത്തോടെ ഈ തിരുഹൃദയത്തിനു സമർപ്പിക്കാൻ മനസ്സില്ലാത്തവൻ ആർ? ഈശോയെ അറിഞ്ഞു അങ്ങേ സ്നേഹിക്കയും അങ്ങെ പ്രതി ജീവിക്കയും ചെയ്യുന്നതാണു ജപ അപ്പൊസ്തോലാത്തുസ് സഭയുടെ കടമ. ഇതു സാരമായ കടമയെ നിറവേറ്റുന്നവർ അധികമില്ലായെന്നു പറയാതെ നിവൃത്തിയില്ല. ദ്രവ്യത്തെയും ശരീരസുഖത്തെയും ബഹുമാനത്തെയും സ്നേഹിക്കുന്നവർ അധികം. എന്നാൽ സാക്ഷാൽ ദിവ്യരക്ഷകനെ സ്നേഹിക്കുന്നവർ ചുരുക്കം. അതുകൊണ്ടു ജപ അപ്പൊസ്തോലാത്തുസ് സഭയിൽ ചേർന്നവർ മറ്റുള്ളവരെ ഈ സത്യതയിൽ ചേർക്കുന്നതിനായി എല്ലാവിധത്തിലും ശ്രമിക്കണം. ഈ സത്യത സാധാരണ ജനങ്ങളിൽ എത്രമാത്രം വർദ്ധിക്കുമോ അതുമാത്രം ദൈവഭക്തിയും ക്രമേണ വർദ്ധിക്കുന്നതാണ്. ഈ സത്യതയുടെ പ്രോത്സാഹികൾ ചിലപ്പോഴൊക്കെയും തക്ക സ്ഥലങ്ങളിൽ യോഗം കൂടുകയും അറിവില്ലാത്തവരിലും എളിയ ജനങ്ങളിലും ദൈവസ്നേഹവും ആത്മരക്ഷയും തിരുഹൃദയഭക്തിയും വർദ്ധിപ്പിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുകയുംവേണം. ജപ അപ്പൊസ്തോലാത്തുസ് സഭ കത്തോലിക്കാ വിശ്വാസികളിൽ അത്യധികം വർദ്ധി

ലോകവർത്തമാനച്ചുരുക്കം.

പത്താംപീയൂസ് മാപ്പാപ്പായെക്കുറിച്ചുള്ള ചില ഗുണവിശേഷങ്ങൾ.

യൌസേപ്പു സാർത്തോ ഒരു ഇടവകപ്പട്ടക്കാരനായിരുന്നപ്പോൾ അദ്ദേഹത്തിനു യുവാവും ഏറ്റവും നിരുത്സാഹിയും ആയ ഒരു സങ്കീർത്തിക്കാരൻ ഉണ്ടായിരുന്നു. എല്ലാ ദിവസവും ഫാദർ സാർത്തോ പള്ളിയിൽ ചെല്ലുമ്പോൾ അയാളെ കാണുകയില്ല, അതിനാൽ തന്നെത്താൻ മണി അടിക്കുന്നതിനും വാതിലുകൾ തുറക്കുന്നതിനും നിർബന്ധിതനായിട്ടുണ്ട്. സമയം കഴിഞ്ഞിട്ടും ഉറങ്ങിക്കിടന്നവനെ ശാസിക്കാതെ ഉപേക്ഷിച്ചിട്ടിരുന്ന ജോലികൾ നിവർത്തിക്കുന്നതിനായി അദ്ദേഹം പതിവായി കുറെ നേരത്തെ എഴുനിൽക്കുന്നതിനു തുടങ്ങി. ഇതിനെപ്പറ്റി മറ്റുള്ളവർ ചോദിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞു:— "സാരമില്ല, ഞാൻ ചെറുപ്പക്കാരനും ശക്തിയുള്ളവനും അല്ലെ; ഞാൻ വയസ്സനാകുമ്പോൾ അവൻ (സങ്കീർത്തിക്കാരൻ) നേരത്തെ എഴുനീറ്റു എനിക്കു പകരം മണി അടിക്കും"

സ്ഥലത്തെ ആശ്രമത്തിൽ കൂടിയ ക. നി. മൂ. സഭയുടെ പൊതുസംഘത്തിൽ വച്ചു താഴെ പറയുന്ന ശ്രേഷ്ഠന്മാരെ തെരഞ്ഞെടുത്തിരിക്കുന്നു.

പ്രീയോർ ജനറൽ.

പെ. ബ്ല. കൊച്ചുചാണ്ടിയച്ചൻ അവർകൾ.

ഡെഫ്നിറേറർ ജനറാളന്മാർ.

൧. പെ. ബ്ല. ഔറിയേലച്ചനവർകൾ,
൨. " " ക്രിസോസ്തോമോസച്ചൻ അ-ൾ,
൩. " " അന്തോനിയച്ചനവർകൾ,
൪. " " ളൂയിസച്ചനവർകൾ.

മാന്നാനം കൊവേന്തയുടെ പ്രീയോർ, പുളിങ്കുന്നു കൊ. പ്രീയോർ യൌസേപ്പച്ചൻ " " മുത്തോലി കൊ. പ്രീയോർ സിൽവെസ്ത്രോസച്ചൻ " " പാവർട്ടി കൊ. പ്രീയോർ അനസ്താസിയച്ചൻ " " ചെത്തിപ്പുഴ കൊ. വികാരി മത്തായി അച്ചൻ " പാണാപ്പള്ളി കൊ. വികാരി ലൂക്കാച്ചൻ " തേവര കൊ. വികാരി. കറിയാക്കോസച്ചൻ " ക്രനമ്മാവു കൊ. വികാരി. ബഞ്ഞ്വാച്ചൻ അവർകൾ.

മരണം.

പാലാ വലിയപള്ളിയിടവക കളപ്പുരസ്ഥൽ ബ: പൌലോസച്ചൻ, തന്റെ നൂറാമത്തെ വയസ്സിൽ കഴിഞ്ഞ ൨൦ാം വ൨-൦൯൯൫ കാലത്തു ൪ൽ മണിക്കു അന്ത്യക്രിയാശകലൊക്കെയും കൈക്കൊണ്ടു നമ്മുടെ കർത്താവിൽ നിദ്രാപിച്ച വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു. ഇദ്ദേഹം കളപ്പുരസ്ഥൽ ക. ടി. മൂ. സ. ബ. മത്തായി അച്ചനവർകളുടെ പിതൃസഹോദര പുത്രനും ക. ടി. മൂ. സ. ബ. മർസ്ലീനോസച്ചന്റെയും, കളപ്പുരസ്ഥൽ ബ. അന്ത്രയോസച്ചന്റെയും കാരണവനുമാണ്. കവറടക്കം ൨൨൯൯-യാണ് നടത്തപ്പെട്ടത്. അദ്ദേഹം സ്വന്ത കുടുംബക്കാർ ദാനമായി കൊടുത്ത മുണ്ടാങ്കൽ ഏന്ന സ്ഥലത്തുള്ള കരിശുപള്ളിയുടെ അസിസ്റ്റന്തിയായിരുന്നു. ടി. പള്ളിയിൽ വച്ചാണ് മരണം പ്രാപിച്ചത്. ടി. കരിശുപള്ളിയിൽവച്ച് ബ. അന്ത്രയോസച്ചൻ റാസ ചൊല്ലുകയും പല വെള്ളി കുരിശുകൾ പൊൻകുരിശാദിയായ പള്ളി സാമാനങ്ങളോടും അനേകം വൈദികരുടെ അകമ്പടിയോടും കൂടി പ്രദക്ഷിണമായി ടി. കരിശുപള്ളിയിൽനിന്ന് ഇടവകപ്പള്ളിയിലേയ്ക്കു കൊണ്ടുവരപ്പെടുകയും ടി. ബ. മർസ്ലീനോസച്ചൻ റാസചൊല്ലുകയും ബ. ക. ടി. മൂ. സ. ലെയോനാർദ്ദച്ചൻ പ്രസംഗം പറകയും കവറടക്കത്തിനുള്ള കർമ്മങ്ങൾ ബ. അന്ത്രയോസച്ചൻ നടത്തുകയും ചെയ്തു. ഇ
ർ ത്തിന്റെ ആത്മാനുക്രമേണാലം വിശ്വാ
" കൾ പ്രാർത്ഥിപ്പാറാകണം.